I ഇ.ബി. XII-കേരള നിയമസഭ /VI-10

**പന്ത്രണ്ടാം കേരള നിയമസഭ**

**ആറാം സമ്മേളനം**

**നിയമസഭാനടപടികൾ - സംഗ്രഹം**
**(ചോദ്യോത്തരങ്ങൾ ഒഴികെ)**

2007 സെപ്റ്റംബർ 17, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## അടിയന്തിരപ്രമേയം

### സുനാമി ഫണ്ട് വിനിയോഗത്തിലെ ക്രമക്കേടുകൾ

മി. സ്പീക്കർ: സുനാമി ബാധിത പ്രദേശങ്ങളിലെ സ്കൂളുകളുടെ അറ്റകുറ്റപ്പണികൾക്കും പുതുക്കിപ്പണികൾക്കുമായി അനുവദിക്കപ്പെട്ട തുക അർഹതയുള്ള തീരദേശ മേഖലകളെ അവഗണിച്ച് അനർഹമായ മറ്റ് മേഖല കൾക്ക് നൽകിയതിനെതിരെയും സുനാമി ഫണ്ട് അനർഹരായവർക്ക് നൽകിയതിലും വർക്കുകൾ ഏറ്റെടുത്ത് നടത്താൻ കാലതാമസം വരുത്തുന്ന തിലും പ്രതിഷേധിച്ച് ആലപ്പുഴ കലക്ടറേറ്റ് ഉപരോധം നടക്കുകയാണ്; നാളെ തീരദേശ ഹർത്താൽ നടത്താൻ തീരുമാനിച്ചിരിക്കുകയാണ്. ഈ ഗുരുതരമായ സ്ഥിതിവിശേഷത്തെക്കുറിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ.സി. വേണുഗോപാൽ, സി.ടി. അഹമ്മദ് അലി, തോമസ് ചാഴികാടൻ, കെ.ബി. ഗണേഷ്കുമാർ, കെ.കെ. ഷാജു എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): പാർപ്പിടം, ജീവനോപാധികളായ കുടിവെള്ളം, ആരോഗ്യം, വിദ്യാഭ്യാസം, പരിസ്ഥിതി സംരക്ഷണം, തീരദേശ സംരക്ഷണം എന്നിവ ലക്ഷ്യമാക്കിക്കൊണ്ട് 9 ജില്ലകളിലെ ഏകദേശം 80 ലക്ഷത്തോളം ജനങ്ങൾക്ക് പ്രയോജനപ്രദമാകത്തക്ക വിധത്തിൽ 1441.75 കോടി രൂപ അടങ്കലിൽ കേന്ദ്ര സഹായത്തോടെയുള്ള സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുന്ന പദ്ധതികൾ 2009 സെപ്റ്റംബറിൽ പൂർത്തീകരിക്കുന്ന വിധത്തിൽ കേരള സർക്കാർ സമയബന്ധിതമായി ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരികയാണ് നാല് മേഖലകളിലെ ഭവനനിർമ്മാണം, പശ്ചാത്തല വികസന സൗകര്യങ്ങൾ, സാമൂഹ്യ പശ്ചാത്തല സൗകര്യങ്ങൾ, തീരദേശ സംരക്ഷണം തുടങ്ങിയവയാണ് ഇതിൽ പ്രധാനം. സാമൂഹ്യ പശ്ചാത്തല സൗകര്യങ്ങൾക്കായുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി സ്കൂളുകളുടെ അടിസ്ഥാന വികസനത്തിനും ലൈബ്രറികളുടെ നവീകരണത്തിനുമായി 42.5 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റികൾ തയ്യാറാക്കി അംഗീകരിച്ച ലിസ്റ്റ് മുൻഗണന നിശ്ചയിച്ച് കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി അയച്ചിട്ടുണ്ട്. ഈ ലിസ്റ്റിൽ ഉൾപ്പെടാതെപോയ അർഹതയുള്ള ഗവൺമെന്റ് സ്കൂളുകളെക്കൂടി ലിസ്റ്റിൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ മാനദണ്ഡമനുസരിച്ച് ഗവൺമെന്റ് വിദ്യാലയങ്ങളെയും പബ്ലിക്ക് സ്ഥാപനങ്ങളെയും മാത്രമേ ഇതിൽ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ. തീരദേശ മൽസ്യത്തൊഴിലാളികളുടെ കുട്ടികൾമാത്രം പഠിക്കുന്ന എയിഡഡ് സ്കൂളുകൾ ഉണ്ട്. എയിഡഡ് സ്കൂളുകളെ ഇതിൽ ഉൾപ്പെടുത്തുന്ന കാര്യത്തെക്കുറിച്ച് പരിശോധിച്ചതിനുശേഷം മാത്രമേ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ. അർഹരായ പല കുട്ടികളും ഒഴിവാക്കപ്പെട്ടു എന്ന പരാതി

യെത്തുടർന്ന് മൽസ്യത്തൊഴിലാളി വിദ്യാർത്ഥികൾക്കുള്ള സ്ക്കോളർഷിപ്പിനായി പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ ഫണ്ടിൽനിന്ന് ലഭിച്ച തുകയുടെ നിർത്തിവച്ചിരിക്കുകയാണ്. കേന്ദ്രസർക്കാരിന്റെ ഗൈഡ്ലൈൻ അനുസരിച്ചാണ് ഈ തുക വിതരണം ചെയ്യുന്നത്. പ്രതിമാസം 300 രൂപ വച്ച് നൽകുന്ന ഈ പദ്ധതി പത്ത് വർഷത്തേയ്ക്കുള്ളതാണ്. അപാകത പരിഹരിച്ച് ഈ വർഷത്തെ ലിസ്റ്റ് കുറ്റമറ്റതാക്കാൻ പരിശ്രമിക്കുന്നതാണ്. 'ടീപ്പ്' -ന്റെ കീഴിൽ 245 പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 460 പദ്ധതികളുടെ ഒരു ലിസ്റ്റുകൂടി കേന്ദ്ര ഗവൺമെന്റിന് അയച്ചുകൊടുത്തിട്ടുണ്ട്. ആദ്യത്തെ ലിസ്റ്റിനാണ് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം കിട്ടിയത്. പദ്ധതിത്തുകയുടെ 50 ശതമാനം അഡ്വാൻസ് ആയി കിട്ടും. പദ്ധതിയുടെ 75 ശതമാനം പൂർത്തിയാകുമ്പോൾ ബാക്കി തുക കിട്ടും. ഇതുപ്രകാരം കഴിഞ്ഞ ആഴ്ച കേന്ദ്ര സർക്കാർ 68 കോടി രൂപ റിലീസ് ചെയ്തിട്ടുണ്ട്. സുനാമി ഫണ്ട് തീരദേശ മേഖലയുടെ വികസനത്തിനും അവിടത്തെ പാവപ്പെട്ട മൽസ്യത്തൊഴിലാളി കുടുംബങ്ങൾക്കും വേണ്ടി മാത്രമേ വിനിയോഗിക്കുകയുള്ളൂ.

<u>ശ്രീ. കെ.സി. വേണുഗോപാൽ</u>: സുനാമിയുമായി ബന്ധപ്പെട്ട് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് എ.എസ്. കൊടുത്ത് കേന്ദ്ര ഗവൺമെന്റിന്റെയും എ.ഡി.ബി. യുടെയും സഹായത്തോടെ തുടങ്ങിയ പദ്ധതികളല്ലാതെ .ഈ ഗവൺമെന്റ് പുതുതായി ഒരു പദ്ധതിയും ആരംഭിച്ചിട്ടില്ല. പ്ലാനിംഗ് കമ്മീഷന് യഥാസമയം പദ്ധതികൾ സമർപ്പിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. സുനാമി പുനരധിവാസത്തിനുവേണ്ടി വിവിധ വകുപ്പുകളിൽനിന്നും പദ്ധതികൾ തയ്യാറാക്കി വരുന്നു എന്നാണ് ഗവൺമെന്റ് സഭയിൽ പറഞ്ഞിട്ടുള്ളത്.

എ.ഡി.ബി. സഹായത്തോടെയുള്ള പദ്ധതികൾ 2008-ലും ബാക്കിയുള്ളവ 2009 -ലും തീരേണ്ടതാണ്. തീരപ്രദേശത്തെ ജനങ്ങൾ ഇക്കാര്യത്തിൽ ആശങ്കാകുലരാണ്. ഇത് സംബന്ധിച്ച് ആലപ്പുഴ ജില്ലയില പതിനയ്യായിരത്തോളം പേർ കളക്ടറേറ്റ് ഉപരോധിച്ചിരിക്കുകയാണ്. .സുനാമിയുമായി യാതൊരു ബന്ധവുമില്ലാത്ത സ്കൂളുകളെയാണ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. തീരപ്രദേശ ജില്ലകളിലെ എയിഡഡ് സ്കൂളുകളെക്കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തണം. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ സ്വകാര്യ ആശുപത്രികളെ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതുസംബന്ധിച്ച. കേന്ദ്ര ഗവൺമെന്റിന്റെ നോംസ് എന്താണെന്നുള്ളത് മേശപ്പുറത്ത് വയ്ക്കണം. ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ എല്ലാ കാര്യങ്ങളും കേന്ദ്ര ഗവൺമെന്റിന്റെ തലയിൽ കെട്ടിവയ്ക്കുന്ന സംസ്ഥാന സർക്കാരിന്റെ സമീപനം ശരിയല്ല. തീരപ്രദേശത്തെ പാവപ്പെട്ട മത്സ്യത്തൊഴിലാളി കുട്ടികൾ പഠിക്കുന്നതും സുനാമി ദുരന്തംമൂലം തകർന്നതുമായ സ്കൂളുകൾക്ക് സഹായം കൊടുക്കാതെ ഫണ്ട് മുഴുവൻ ഡൈവർട്ട് ചെയ്തിരിക്കുകയാണ്. ആലപ്പുഴ ജില്ലയിലെ 53 സ്കൂളുകളെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും എന്റെ നിയോജകമണ്ഡലത്തിലെ ഒരു സ്കൂൾ പോലുമില്ല. സുനാമി ദുരന്തത്തിൽപ്പെട്ട് 28 പേർ മരിച്ച പ്രദേശത്തെ സ്കൂളിനെപ്പോലും ഈ ലിസ്റ്റിൽപ്പെടുത്തിയിട്ടില്ല. ഇതുമൂലം ആലപ്പുഴ തീരപ്രദേശമാകെ ഇളകിമറിഞ്ഞിരിക്കുകയാണ്. അവിടത്തെ ജനങ്ങളുടെ വികാരം മനസ്സിലാക്കാനും ഇതുമായി ബന്ധപ്പെട്ട് ഒരു ധവളപത്രമിറക്കാനും ഗവൺമെന്റ് തയ്യാറാകണം. ഭവനനിർമ്മാണ പദ്ധതി പ്രകാരം അർഹതപ്പെട്ട മത്സ്യത്തൊഴിലാളികളെ സെലക്ട് ചെയ്യുകയോ തീരപ്രദേശത്ത് പുനരധിവാസത്തിനുള്ള ഭൂമി കണ്ടെത്തുകയോ ചെയ്തിട്ടില്ല. തീരദേശ സംരക്ഷണ പദ്ധതിപ്രകാരം ഒരു സെന്റീമീറ്റർ കടൽഭിത്തിപോലും കെട്ടിയിട്ടി

ല്ല. യാതൊന്നും ചെയ്യാതെ പ്രശ്നങ്ങളിൽനിന്നും ഒളിച്ചുമാറി, രാഷ്ട്രീയവിവേചനത്തോടെ പ്രവർത്തിക്കുന്നത് ശരിയല്ല. പ്രതിമാസം 300 രൂപ വച്ച് 10 വർഷത്തേയ്ക്ക് പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ പദ്ധതിയിൽനിന്നും സകോളർഷിപ്പിന് അർഹരായ കുട്ടികളുടെ ലിസ്റ്റെടുക്കാനോ തുക വിതരണം ചെയ്യാനോ കഴിഞ്ഞിട്ടില്ല. ആശയക്കുഴപ്പത്തിന്റെ പടുകുഴിയിലേയ്ക്ക് സുനാമി പദ്ധതിയെ എത്തിച്ചിരിക്കുന്നു. കഴിവുകേടും ദീർഘവീക്ഷണമില്ലായ്മയും കാരണം പദ്ധതികൾ നേരായ രീതിയിൽ നടപ്പിലാക്കാൻ സാധിക്കുന്നില്ല. ഇതിന്റെയെല്ലാം പിന്നിലുള്ള യഥാർത്ഥ പ്രശ്നങ്ങൾ മനസ്സിലാക്കണം. ഇതൊരു ഗൗരവമേറിയ പ്രശ്നമാണ്. അതിനാൽ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): ഇത് വളരെ ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യേണ്ട വിഷയമാണ്. തീരദേശത്തെ ജനങ്ങളിൽ തെറ്റായ ആശങ്കകളും മെസേജുകളും ചെല്ലുന്നത് ശരിയല്ല. പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽനിന്ന് സ്കോളർഷിപ്പ് നൽകുന്ന പദ്ധതിക്ക് കൊല്ലം, ആലപ്പുഴ ജില്ലകളിൽ നിന്നുള്ള ലിസ്റ്റ് 2005 നവംബർ-ഡിസംബർ മാസങ്ങളിലാണ് കേന്ദ്ര ഗവൺമെന്റിന് അയച്ചുകൊടുത്തിട്ടുള്ളത്. അതുപ്രകാരം 18500 കുട്ടികളുടെ ലിസ്റ്റ് അപ്രൂവ് ചെയ്ത് പ്രതിമാസം 300 രൂപ വച്ച് തുക വിതരണം ചെയ്തു. മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളെ ഈ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ലായിരുന്നുവെന്നത് ശ്രദ്ധേയമാണ്. തൃശൂരിൽനിന്ന് ഏഴ് കുട്ടികളുടെ പേര് മാത്രമേ അയച്ചുകൊടുത്തിട്ടുള്ളൂ. ഫണ്ട് കിട്ടി വിതരണം ചെയ്ത് തുടങ്ങിയപ്പോൾ അർഹതപ്പെട്ട കുട്ടികൾ ഈ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്ന് കണ്ടതിനെത്തുടർന്ന് വിതരണം നിർത്തിവച്ചു. കേന്ദ്ര ഗവൺമെന്റുമായി ഇക്കാര്യം പല

പ്രാവശ്യം ചർച്ച ചെയ്തു. പോരായ്മകൾ പരിഹരിച്ച് ഗൈഡ്ലൈൻ തയ്യാറാക്കി അതനുസരിച്ച് കുട്ടികളെ സെലക്ട് ചെയ്യാനും എത്ര കുട്ടികളെ ഈ വർഷം ലിസ്റ്റിൽ ഉൾപ്പെടുത്താമെന്നത് സംബന്ധിച്ച് ഒരു ധാരണയുണ്ടാക്കി അതിന്റെ അടിസ്ഥാനത്തിൽ അനുവദിച്ച സംഖ്യ വിതരണം ചെയ്തശേഷം അറിയിക്കാനാണ് കേന്ദ്ര ഗവൺമെന്റ് ആവശ്യപ്പെട്ടിരിക്കുന്നത്. കിട്ടിയ അപേക്ഷകൾ മുഴുവൻ പരിശോധിച്ച് കുറ്റമറ്റ രീതിയിൽ ലിസ്റ്റ് തയ്യാറാക്കി കേന്ദ്രത്തിലേയ്ക്ക് അയച്ച് കിട്ടാവുന്ന സംഖ്യ വാങ്ങാനും കേരളത്തിലെ തീര പ്രദേശത്തുള്ള പരമാവധി കുട്ടികളെ ഈ സ്ക്കോളർഷിപ്പിന്റെ പരിധിയിൽ ഉൾപ്പെടുത്താനും ശ്രമിക്കുന്നതാണ്. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിലേയ്ക്ക് 133000 ആളുകളെ തെരഞ്ഞെടുക്കുകയും അടുത്ത വർഷത്തേയ്ക്കുള്ള ലിസ്റ്റ് തയ്യാറാക്കുമ്പോൾ വിട്ടുപോയ ഏതാണ്ട് ഒരു ലക്ഷം പേരെക്കൂടി ഉൾപ്പെടുത്താൻ കഴിയുമെന്നുള്ള പ്രതീക്ഷയുമുണ്ട്. യുണൈറ്റഡ് ഇൻഡ്യാ ഇൻഷ്വറൻസ് കമ്പനിയും കേന്ദ്ര ഗവണ്മെന്റും തമ്മിലുള്ള സ്കീമാണിത്. അത് ഉടൻ നടപ്പാക്കുന്നതാണ്. എയിഡഡ് സ്കൂളുകളെക്കൂടി സ്ക്കോളർഷിപ്പിന്റെ പരിധിയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം മന്ത്രിസഭാ ഉപസമിതി ചർച്ച ചെയ്തു. കേന്ദ്രഗവണ്മെന്റുമായി ചർച്ച ചെയ്യാതെ ഇക്കാര്യത്തിൽ വ്യക്തമായ മറുപടി പറയാൻ കഴിയില്ല. സ്ക്കൂളുകളുടെ ലിസ്റ്റ് കേന്ദ്ര ഗവണ്മെന്റിന് അയച്ചുവെങ്കിലും അംഗീകാരം കിട്ടിയിട്ടില്ല. ഇപ്പോൾ 460 കോടി രൂപയുടെ പദ്ധതിക്കാണ് അനുമതി കിട്ടിയിട്ടുള്ളത്. അതിൽ 68 കോടി രൂപ മാത്രമാണ് കഴിഞ്ഞ ആഴ്ചയിൽ കേന്ദ്രഗവണ്മെന്റ് നൽകിയത്. 2009 സെപ്റ്റംബറിൽ ഇത് പൂർണ്ണമായി പൂർത്തിയാക്കാനാണ് ശ്രമിക്കുന്നത്. കേന്ദ്രമന്ത്രിയും കേന്ദ്രഗവണ്മെന്റ് ഉദ്യോഗസ്ഥരും മന്ത്രിസഭാ ഉപസമിതി അംഗങ്ങളും ഇവിടത്തെ ഉദ്യോഗസ്ഥരും വിശദമായി ഈ കാര്യ

ങ്ങൾ ചർച്ച ചെയ്തപ്പോൾ ചില നിർദ്ദേശങ്ങൾ സമർപ്പിക്കാൻ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ തീരപ്രദേശത്തെ മൽസ്യത്തൊഴിലാളികളുടെ കടം എഴുതി ത്തള്ളാനായി 400 കോടി രൂപയുടെ ഒരു പദ്ധതികൂടി സമർപ്പിച്ചിട്ടുണ്ട്. ഇത്തരത്തിൽ കൂടുതലായി സഹായം വാങ്ങാനായി പരിശ്രമിക്കുമ്പോൾ തെറ്റായ രീതിയിലുള്ള പ്രചാരണം നടത്താൻ പ്രതിപക്ഷം ശ്രമിക്കുന്നത് ശരി യല്ല. വീടുകൾ തെരഞ്ഞെടുക്കാനും സ്ഥലം വിലയ്ക്ക് വാങ്ങാനുമുള്ള നട പടിക്രമങ്ങൾ തുടങ്ങി. അതിനായി എല്ലാ കളക്ടറേറ്റിലെയും ഉദ്യോഗ സ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മുഖ്യമന്ത്രി ചെയർമാനായിട്ടുള്ള സ്റ്റേറ്റ് ഹൈ ലെവൽ കമ്മിറ്റിയുടെ തീരുമാനമനുസരിച്ച് മന്ത്രിസഭ കൂടി എട്ട് മന്ത്രി മാർ ഉൾക്കൊള്ളുന്ന ഉപസമിതിയെ നിശ്ചയിക്കുകയും അവർ ഓരോ ആഴ്ച യിലും നടക്കുന്ന പ്രവർത്തനങ്ങൾ റിവ്യൂ ചെയ്ത് കുറ്റമറ്റ വിധത്തിൽ കാര്യ ങ്ങൾ ചെയ്തുവരികയുമാണ്. വേഗത്തിൽ ഇത് നടപ്പിലാക്കാനും പൂർത്തിയാ ക്കാനുമുള്ള എല്ലാ പരിശ്രമങ്ങളും എല്ലാഭാഗത്തുനിന്നും ഉണ്ടാകണം. ലിസ്റ്റിൽ ചേർക്കാൻ വിട്ടുപോയ കൊടുങ്ങല്ലൂരിലെ ഉൾപ്പെടെയുള്ള ഫിഷറീസ് സ്ക്കൂളുകളെക്കൂടി ഉൾപ്പെടുത്തി വിദ്യാഭ്യാസ വകുപ്പുമന്ത്രിയു മായി ചർച്ച ചെയ്ത് ഒരു ലിസ്റ്റ് അയയ്ക്കാൻ തീരുമാനിച്ചിട്ടുണ്ട്. സുനാമി ദുരിതാശ്വാസ പദ്ധതി തീരപ്രദേശത്തെ മൽസ്യത്തൊഴിലാളി കുടുംബ ങ്ങൾക്ക് വേണ്ടി നടപ്പാക്കാൻ ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ ഉമ്മൻചാണ്ടി, സി.എഫ്. തോമസ്.

സി.ടി. അഹമ്മദ് അലി എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവനകൾ നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭ വിട്ട് പുറത്തു പോവുകയും അൽപ്പസമയത്തിനുശേഷം വീണ്ടും ഹാജരാവുകയും ചെയ്തു.)

**ശ്രദ്ധക്ഷണിക്കൽ**

**(1) ആസൂത്രിത നഗര വികസന പദ്ധതി**

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: നഗരങ്ങളിൽ ഉയർന്നുവരുന്ന ബഹുനിലക്കെട്ടിടങ്ങളും ഫ്ളാറ്റുകളും പുറന്തളളുന്ന മാലിന്യങ്ങൾ ശാസ്ത്രീയവും ഫലപ്രദവുമായ രീതിയിൽ സംസ്ക്കരിക്കാനാകാതെ പ്രശ്നങ്ങളുണ്ടാകുന്നു. മാലിന്യങ്ങളെ ഊർജ്ജ ഉല്പാദനത്തിനുള്ള അസംസ്കൃത പദാർത്ഥമാക്കിമാറ്റി സംസ്ക്കരിക്കുന്നതിനുള്ള സാങ്കേതിക വിദ്യ കണ്ടെത്തണം. മനുഷ്യന്റെ മൗലിക ജീവിതത്തിനാവശ്യമായ ശുദ്ധ വായു, വെള്ളം, വെളിച്ചം എന്നിവ ലഭ്യമാക്കാൻ കഴിയാത്തവിധത്തിൽ അന്തരീക്ഷ മലിനീകരണവും പാരിസ്ഥിതിക പ്രശ്നങ്ങളുമുണ്ടായിക്കൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ കാലഹരണപ്പെട്ട മാസ്റ്റർ പ്ലാനുകൾ മാറ്റി ദീർഘവീക്ഷണത്തോടുകൂടി പുതിയ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി ആസൂത്രിതമായ നഗരവികസനം അടിയന്തിരമായി ഏറ്റെടുക്കേണ്ടതാണ്. തലസ്ഥാന നഗരവികസനത്തിന് ചില പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കിയെങ്കിലും അവ പൂർത്തിയാക്കുകയോ നഗരങ്ങളുടെ സ്വാഭാവിക വളർച്ചയ്ക്കനുസരിച്ചുള്ള ഭൗതിക സാഹചര്യങ്ങളും പശ്ചാത്തല സൗകര്യങ്ങളും ഏർപ്പെടുത്തുകയോ ചെയ്തിട്ടില്ല. പുതുതായി രൂപവൽക്കരിക്കപ്പെട്ട തൃശ്ശൂർ, കൊല്ലം നഗരസഭകളോട് നിഷേധാത്മക സമീപനം പുലർത്തുന്ന ഗവൺമെന്റ് അവിടെയുള്ള വികസന അതോറിറ്റികൾ വേണ്ടെന്നുവയ്ക്കുകയും തൃശ്ശൂർ

നഗരവികസന അതോറിറ്റി ജനപങ്കാളിത്തത്തോടുകൂടി സ്വരൂപിച്ച കോടിക്കണക്കിന് രൂപയുടെ ആസ്തി കണ്ടുകെട്ടുകയും ചെയ്തത് ഗുണകരമായ കാര്യമല്ല. നഗരങ്ങളുടെ വളർച്ചയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യ വികസനവും മികച്ച ജീവിത സാഹചര്യങ്ങളും ഉണ്ടാകണമെങ്കിൽ വൻ നിക്ഷേപവും ദീർഘവീക്ഷണത്തോടുകൂടിയുള്ള ആസൂത്രിത പദ്ധതിയും വേണം. അതുകൊണ്ട് സംസ്ഥാനത്ത് 5 കോർപ്പറേഷനുകളിലും സമഗ്രവികസനം സാധ്യമാക്കുന്നതിന് വിശദമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കി അടിസ്ഥാന സൗകര്യ വികസനത്തിന് പൊതുവായ പദ്ധതികൾ ആവിഷ്ക്കരിച്ച് സമയബന്ധിതമായി നടപ്പിൽ വരുത്തുന്നതിന് സർക്കാർ മുൻകൈ എടുക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): നഗരാസൂത്രണത്തിൽ ഏറ്റവും സുപ്രധാന സ്ഥാനമുള്ള സ്ഥലമാന ആസൂത്രണത്തിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം നഗരസഭയ്ക്ക് മാസ്റ്റർ പ്ലാനും കൊച്ചിക്ക് സ്ട്രക്ചറൽ പ്ലാനും കോഴിക്കോട്, കൊല്ലം എന്നിവയ്ക്കായി ഡെവലപ്മെന്റ് പ്ലാനുകളും തയ്യാറാക്കുകയും വിശദമായ അഭിപ്രായങ്ങൾ പരിഗണിച്ച് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരാസൂത്രണ പദ്ധതികളുടെ പരിഷ്ക്കരിച്ച ചട്ടങ്ങൾക്ക് സർക്കാർ രൂപം നൽകുകയും ചെയ്തിട്ടുണ്ട്. സ്പെഷ്യലൈസ്ഡ് ഏജൻസികളുടെ സഹായത്തോടെ സിറ്റി ഡെവലപ്മെന്റ് പ്ലാനുകൾ രൂപീകരിച്ച് അവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും തെരഞ്ഞെടുക്കപ്പെട്ട സിറ്റി കൗൺസിലുകൾവഴി കോർപ്പറേഷനുകളെ ശക്തിപ്പെടുത്തുന്നതിനുമാണ് പരിശ്രമിക്കുന്നത്. നഗര വികസന അതോറിറ്റികൾക്കുപകരം സംയോജിത പ്ലാനുകളുണ്ടാക്കി നഗരങ്ങളോടൊപ്പം നഗര പ്രാന്തപ്രദേശങ്ങളേയും പരിഗണിക്കുന്നതിന് നിലവിലുള്ള നിയമത്തിൽ വ്യവസ്ഥയുണ്ട്.

റൂറൽ ഫിനാൻസും അർബൻ ഫിനാൻസും സംയോജിപ്പിച്ച് കേരള അർബൻ ആന്റ് റൂറൽ ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ രൂപീകരിക്കുകവഴി എ.ഡി.ബി. വായ്പയിൽനിന്നും കിട്ടുന്ന തുകകൂടി പ്രയോജനപ്പെടുത്തി അവ നഗരസഭകളുടെ ധനസമാഹരണത്തിനാവശ്യമായ ഒരു സ്പെഷ്യലൈസ്ഡ് ഏജൻസിയായി പ്രവർത്തിക്കാൻ പോവുകയാണ്. കോഴിക്കോട്, തൃശ്ശൂർ, കൊല്ലം അതോറിറ്റികളുടെ പ്രവർത്തനം ഫലപ്രദമല്ല. കൊച്ചി, തിരുവനന്തപും അതോറിറ്റികൾ ഏറ്റെടുത്തിട്ടുള്ള വലിയ പ്രോജക്ടുകൾ പെട്ടെന്ന് നിർത്തലാക്കാൻ കഴിയാത്തതിനാൽ അവ നിലനിർത്തി മറ്റ് അതോറിറ്റികളിലെ ആസ്തികളേയും ഉദ്യോഗസ്ഥരേയും നഗരസഭയിൽ ലയിപ്പിച്ച് അവ കൂടുതൽ ശക്തിപ്പെടുത്താനാണ് ശ്രമിക്കുന്നത്. നഗരസഭകളുമായി സംയോജിപ്പിച്ചുകൊണ്ട് ഏജൻസികൾ പ്രവർത്തിക്കണം. അതിന് സ്പെഷ്യലൈസ്ഡ് ഏജൻസികളുടെ സഹായം വേണം. ആ ഏജൻസികൾ നഗരസഭകൾക്ക് കീഴ്പ്പെട്ട് പ്രവർത്തിക്കണം.

**(2) <u>കർഷകർക്ക് പെൻഷനും മറ്റു സഹായങ്ങളും നൽകാൻ ക്ഷേമപദ്ധതി</u>**

<u>ശ്രീ. പി. കൃഷ്ണപ്രസാദ്</u>: 75 ലക്ഷത്തോളം കർഷകരുള്ള സംസ്ഥാനത്തെ. കാർഷികമേഖല കടുത്ത പ്രതിസന്ധിയെ അഭിമുഖീകരിക്കുകയാണ്. കാർഷികോല്പന്നങ്ങളുടെ ഉല്പാദനച്ചെലവ് വർദ്ധിക്കുകയും ഉല്പന്നങ്ങൾക്ക് വിലത്തകർച്ച അനുഭവപ്പെടുകയും ചെയ്യുന്നതുമൂലം കൃഷി ലാഭകരമല്ലാത്ത സ്ഥിതിയിലായതിനാൽ കാർഷികവൃത്തിയിൽനിന്നും കർഷകർ അകന്നുകൊണ്ടിരിക്കുന്നു. കടബാദ്ധ്യതമൂലം കൃഷിക്കാർ ഭൂമി പണയപ്പെടുത്താനും വിൽക്കാനും തയ്യാറാകുന്നു. കൃഷിക്കാരെ കടവിമുക്തരാക്കാനോ ക്ഷേമപദ്ധതികൾ നടപ്പിലാക്കാനോ വിളകൾക്ക് വിലസുരക്ഷിതത്വം ഉറപ്പാക്കനോ കേന്ദ്ര ഗവൺമെന്റ് തയ്യാറാകുന്നില്ല.

എൽ.ഡി.എഫ്. ഗവൺമെന്റ് കടക്കെണിയിൽ നിന്നും കർഷകരെ മോചിപ്പിക്കാൻ നിരവധി പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ശ്രമിച്ചതിന്റെ ഫലമായി വയനാട് ജില്ലയിൽ കർഷക ആത്മഹത്യകൾ ഇപ്പോൾ കുറഞ്ഞിട്ടുണ്ട്. കർഷകർക്ക് പെൻഷനും ക്ഷേമപദ്ധതിയും അപകട സുരക്ഷയും ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കണം. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നിർത്തലാക്കിയ കർഷകരക്ഷാ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): സംസ്ഥാനത്തെ ഭൂരിഭാഗം കർഷകരും ചെറുകിട നാമമാത്ര കർഷകരാണ്. പ്രകൃതിക്ഷോഭം, രോഗബാധ, കേന്ദ്ര ഗവൺമെന്റിന്റെ വികലമായ ഇറക്കുമതി നയം, കാർഷികോല്പന്നങ്ങൾക്കുണ്ടാകുന്ന വിലത്തകർച്ച എന്നിവമൂലം കർഷകരാകെ ദുരിതമനുഭവിക്കുകയാണ്. കൃഷിച്ചെലവിനെ അടിസ്ഥാന മാക്കി നഷ്ടപരിഹാരം ലഭിക്കുന്ന ഇൻഷ്വറൻസ് പദ്ധതിയില്ലാത്തതാണ് കാർഷികമേഖലയുടെ തകർച്ചക്ക് ഒരു പ്രധാന കാരണം. കൃഷിക്കാരെ രക്ഷിക്കുന്നതിനുവേണ്ടി ഏതാണ്ട് പത്ത് ലക്ഷം കർഷകരെ അംഗങ്ങളാക്കി കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് രൂപം നൽകിയ കർഷകരക്ഷാ പദ്ധതി തുടർന്ന് യൂ.ഡി.എഫ്. ഗവൺമെന്റ് നിർത്തലാക്കിയതിന്റെ ഫലമായി കർഷകർക്ക് സമഗ്രമായ ഒരു ഇൻഷ്വറൻസ് പദ്ധതി നിലവിലില്ലാതായി. കർഷകർക്ക് അപകട സുരക്ഷയും ക്ഷേമസഹായങ്ങളും പെൻഷനും നൽകുന്നതിന് വേണ്ടി 'കിസാൻശ്രീ' എന്ന കർഷക സുരക്ഷാ പദ്ധതിക്ക് സർക്കാർ രൂപം നൽകാൻ തീരുമാനിച്ച് നടപടിക്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു. കൃഷിച്ചെലവുകൂടി കണക്കിലെടുത്ത് നഷ്ടപരിഹാരം നൽകാൻ കഴിയുന്ന

ഒരു വിള ഇൻഷ്വറൻസ് പദ്ധതിയും പ്രധാനമന്ത്രി കഴിഞ്ഞ ദിവസം പ്രഖ്യാപിച്ച കർഷക രക്ഷാപദ്ധതിയും കിസാൻശ്രീയുമായി ബന്ധപ്പെടുത്തി നടപ്പിലാക്കാൻ ആലോചിക്കുന്നുണ്ട്. ഈ പദ്ധതികൾ കേരളപ്പിറവി ദിനമായ നവംബർ 1-ന് പ്രഖ്യാപിക്കാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു.

**സബ്മിഷൻ**

**(1) കോഴിക്കോട് ഐ.ടി. പാർക്ക്**

ശ്രീ എ. പ്രദീപ് കുമാർ: കോഴിക്കോട് ഒരു ഐ.ടി. പാർക്ക് സ്ഥാപിക്കുമെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചെങ്കിലും ഐ.ടി. വികസനത്തിന്റെ കാര്യത്തിൽ മലബാർ മേഖലയ്ക്ക് അർഹമായ പരിഗണന ഇതുവരേയും ലഭിച്ചിട്ടില്ല. വൻകിട ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതിനാവശ്യമുള്ള സ്ഥലവും പശ്ചാത്തല സൗകര്യങ്ങളും കോഴിക്കോട് നഗരത്തിനുണ്ട്. ലോകത്തിലെ വൻകിട ഐ.ടി. കമ്പനികൾ അവിടെ വരാൻ താല്പര്യം കാണിച്ചിട്ടുണ്ട്. അവർക്കാവശ്യമായ സൗകര്യം ഒരുക്കിക്കൊടുത്തുകൊണ്ട് കോഴിക്കോട് ഒരു ഐ.ടി. പാർക്ക് സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): ടെക്നോപാർക്കും ഇൻഫോപാർക്കും നിലവിലില്ലാത്ത എല്ലാ ജില്ലകളിലും ഐ.ടി. പാർക്കുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ട്. കോഴിക്കോട് ജില്ലയിൽ ഐ.ടി പാർക്കിനുവേണ്ടി 68 ഏക്കർ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ഇത് സ്ഥാപിക്കാൻ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിൽനിന്നും അഡീഷണൽ സെൻട്രൽ അസിസ്റ്റൻസ് ലഭ്യമാക്കുന്നതിനും സർക്കാർ തലത്തിൽ ഭരണാനുമതി നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

(2) വഴിക്കടവ് നാടുകാണിച്ചുരം ഗതാഗതയോഗ്യമാക്കാൻ നടപടി

ശ്രീ. ആര്യാടൻ മുഹമ്മദ്: നിലമ്പൂർ നിയോജകമണ്ഡലത്തിലെ തമിഴ്നാട് അതിർത്തിയിൽ വഴിക്കടവ് നാടുകാണിച്ചുരത്തിൽ രണ്ടുമൂന്ന് സ്ഥലങ്ങളിൽ ഏതാനും ദിവസങ്ങൾക്കുമുമ്പ് പിളർപ്പ് കാണപ്പെട്ടതിന്റെ ഫലമായി നിറുത്തിവച്ചിരിക്കുന്ന ഗൂഡല്ലൂർ, നിലമ്പൂർ ഭാഗത്തേയ്ക്കുള്ള ഗതാഗതം പുന:സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ) തമിഴ്നാട് അതിർത്തിയിലെ വഴിക്കടവ് നാടുകാണിച്ചുരത്തിൽ രണ്ടുമൂന്ന് സ്ഥലങ്ങളിൽ ഏതാനും ദിവസങ്ങൾക്കുമുമ്പ് പിളർപ്പ് കാണപ്പെട്ടതിന്റെ ഫലമായി ഗൂഡല്ലൂർ, നിലമ്പൂർ ഭാഗത്തേയ്ക്കുള്ള ഗതാഗതം നിർത്തിവച്ചു. ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ വിദഗ്ദ്ധ സംഘവുമായി ആലോചിച്ച് കേടുപാടുകൾ തീർത്ത് ചുരം ഗതാഗതയോഗ്യമാക്കിത്തീർക്കുന്ന തിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ്.

(3) പാളയം കണ്ണിമാറ മാർക്കറ്റ് നവീകരണം.

ശ്രീ. വി. ശിവൻകുട്ടി: തിരുവനന്തപുരത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്നതും 1500-ഓളം കടകളുള്ളതുമായ പാളയം കണ്ണിമാറ മാർക്കറ്റിന്റെ ശോചനീയാവസ്ഥയ്ക്ക് പരിഹാരം കാണാനും ഇതൊരു വിപുലമായ മാർക്കറ്റാക്കി മാറ്റാനും ആവശ്യമായ പദ്ധതികൾ കേന്ദ്ര സംസ്ഥാന ഗവൺമെന്റിന്റേയും തദ്ദേശഭരണ സ്ഥാപനങ്ങളുടേയും സഹായത്തോടെ നടപ്പിലാക്കാൻ നടപടി സ്വീകരിക്കണം.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): ഏറ്റവും വൃത്തിഹീനമായ അവസ്ഥയിലാണ് പാളയം കണ്ണിമാറ മാർക്കറ്റ് പ്രവർത്തിക്കുന്നത്. കേരളത്തിലെ മൽസ്യ മാർക്കറ്റുകളുടെ പൊതു

ശോച്യാവസ്ഥ കണക്കിലെടുത്ത് മൽസ്യ മാർക്കറ്റുകളുടെ നവീകരണത്തിനും നിർമ്മാണത്തിനുമായി കഴിഞ്ഞ സാമ്പത്തികവർഷം ബഡ്ജറ്റിൽ 500 ലക്ഷം രൂപ വകയിരുത്തുകയും തദ്ദേശഭരണ സ്ഥാപനങ്ങൾ, ജില്ലാ ഫിഷറീസ് ഓഫീസ് എന്നിവ മുഖേന പ്രോജക്ടുകൾ ക്ഷണിക്കുകയും ചെയ്തു. എന്നാൽ പാളയം കണ്ണിമാറ മാർക്കറ്റിന്റെ നവീകരണത്തിനുവേണ്ടി പ്രത്യേക നിർദ്ദേശമൊന്നും ലഭിച്ചിരുന്നില്ല. ഈ മാർക്കറ്റിന്റെ പുനരുദ്ധാരണത്തിനുവേണ്ടി തിരുവനന്തപുരം നഗരസഭ ജവഹർലാൽ നെഹ്റു നാഷണൽ റിന്യൂവൽ മിഷന്റെ സഹായത്തോടുകൂടി ഒരു പദ്ധതിക്ക് രൂപം കൊടുത്തുവരുന്നുണ്ട്. ഈ പദ്ധതി പ്രാവർത്തികമാക്കപ്പെടുന്നില്ലെങ്കിൽ കേരളത്തിലെ അഞ്ചോളം മാർക്കറ്റുകൾ പ്രത്യേകമായി ആധുനിക സംവിധാനത്തോടുകൂടി നവീകരിക്കുന്നതിന് രൂപം കൊടുത്തിട്ടുള്ള, ഓരോ മാർക്കറ്റിനും ഒരു കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന, സെൻട്രലി സ്പോൺസേർഡ് സ്കീംപ്രകാരം പാളയം കണ്ണിമാറ മാർക്കറ്റിന് പ്രത്യേക പരിഗണന നൽകുന്നതാണ്.

**(4) നാഷണൽ റൂറൽ ഹെൽത്ത് മിഷൻ ആവിഷ്ക്കരിച്ച പദ്ധതികൾ**

ശ്രീ. വി.കെ ഇബ്രാഹിംകുഞ്ഞ് : മട്ടാഞ്ചേരി ഡബ്ള്യു ആന്റ് സി ഹോസ്പിറ്റൽ ഉൾപ്പെടെ സംസ്ഥാനത്തെ അഞ്ച് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രികൾ അപ്ഗ്രേഡ് ചെയ്യുന്നതിനും നവീകരിക്കുന്നതിനുമായി എൻ.ആർ.എച്ച്.എം. അനുവദിച്ച 7 കോടി 53 ലക്ഷം രൂപ ചെലവാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ഇതുവരെയും ആരംഭിച്ചിട്ടില്ല. പല ഡബ്ള്യൂ ആന്റ് സി ആശുപത്രികളിലും അടിസ്ഥാന സൗകര്യങ്ങളില്ല. സമയബന്ധിതമായി ഈ പണികൾ പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചര്‍): സംസ്ഥാനത്തെ അഞ്ച് ഡബ്ള്യൂ ആന്റ് സി ഹോസ്പിറ്റലുകളുടെ നവീകരണത്തിനും ഒന്‍പത് ജില്ലകളില്‍ പുതിയ ഡബ്ള്യു ആന്റ് സി ഹോസ്പിറ്റലുകള്‍ ആരംഭിക്കുന്നതിനുമായി എന്‍.ആര്‍.എച്ച്.എം-ല്‍ നിന്ന് 7.53 കോടി രൂപ ലഭിക്കുകയുണ്ടായി. ഈ ആശുപത്രികളുടെ നവീകരണം പ്രത്യേക പരിഗണന കൊടുത്തുകൊണ്ട് പൂര്‍ത്തിയാക്കാന്‍ നടപടി സ്വീകരിച്ചുവരികയാണ്.

## (5) കാര്‍ഷിക വായ്പാ വിതരണം

ശ്രീ. എം.വി ശ്രേയാംസ് കുമാര്‍: കാര്‍ഷിക വായ്പാ വിതരണത്തില്‍ വന്‍തോതില്‍ ക്രമക്കേടുകള്‍ നടക്കുകയാണ്. സംസ്ഥാനത്തെ സഹകരണ ബാങ്കുകള്‍ ഉള്‍പ്പെടെ കാര്‍ഷികേതര ആവശ്യങ്ങള്‍ക്കായി കാര്‍ഷിക വായ്പ കൊടുത്തുകൊണ്ടിരിക്കുകയാണ്. അതുമൂലം ഇതിന്റെ പ്രയോജനം കാര്‍ഷിക മേഖലയ്ക്കോ കര്‍ഷകര്‍ക്കോ കിട്ടുന്നില്ല. കാര്‍ഷിക വായ്പകള്‍ കൃഷിക്കാരനുതന്നെ പ്രയോജനപ്പെടുത്തുന്നതിനും കിസ്സാന്‍ ക്രെഡിറ്റ് കാര്‍ഡ് കാര്‍ഷിക വായ്പയ്ക്കുള്ള രേഖയായി നിശ്ചയിക്കാനും നടപടി സ്വീകരിക്കണം

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരന്‍): 2006-2007 സാമ്പത്തികവര്‍ഷം സംസ്ഥാനത്ത് ഹ്രസ്വകാല വായ്പ ഉള്‍പ്പെടെ 2112 കോടി രൂപയുടെ കാര്‍ഷിക വായ്പ സഹകരണ മേഖലയില്‍ നിന്ന് നല്‍കുകയുണ്ടായി. സഹകരണ മേഖലയില്‍ വിതരണം ചെയ്യുന്ന ഹ്രസ്വകാല വായ്പയുടെ 31 ശതമാനമേ നബാര്‍ഡ് പുനര്‍വായ്പയായി നല്‍കുന്നുള്ളു. സഹകരണ സ്ഥാപനങ്ങള്‍ സ്വന്തം ഫണ്ടില്‍ നിന്ന് നാല് ശതമാനം മുതല്‍ ഏഴ് ശതമാനം വരെ നിരക്കില്‍

വിതരണം ചെയ്യുന്ന മൂന്ന് ലക്ഷം രൂപവരെയുള്ള ഹ്രസ്വകാല വായ്പകൾക്കാണ് കേന്ദ്ര സഹായ പദ്ധതി പ്രകാരം രണ്ട് ശതമാനം ഇന്ററസ്റ്റ് സബ്വെൻഷൻ ലഭിക്കുന്നത്. കാർഷിക വായ്പകൾ കാർഷികാവശ്യങ്ങൾ ക്കുതന്നെയാണെന്ന് ഉറപ്പുവരുത്തുന്നതിന് സഹകരണ ഉദ്യോഗസ്ഥരും ജില്ലാ സഹകരണ ബാങ്ക് ഇൻസ്പെക്ടറും സംഘം പ്രതിനിധികളുമടങ്ങിയ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കാർഷികേതര ആവശ്യങ്ങൾക്കായി കാർഷിക വായ്പ വിനിയോഗിച്ചാൽ ആ വായ്പ കാർഷികേതര വായ്പയായി കണക്കാക്കി ഉയർന്ന പലിശ നൽകേണ്ടിവരുമെന്ന മുന്നറിയിപ്പ് കൊടുത്തിട്ടുണ്ട്. സഹകരണ സംഘങ്ങൾ കുറഞ്ഞ പലിശയ്ക്ക് സ്വർണ്ണപ്പണയത്തിന്റെ ഈടിൻമേൽ കാർഷിക വായ്പ നൽകുമ്പോൾ മറ്റ് ഈടിൻമേൽ നൽകുന്ന കാർഷിക വായ്പകൾക്ക് ബാധകമായ എല്ലാ നിബന്ധനകളും കൃത്യമായി പാലിക്കുന്നുണ്ട് കൃഷിക്കാർക്ക് കിസ്സാൻ ക്രെഡിറ്റ് കാർഡ് എടുക്കാൻ കഴിയുന്നില്ലെങ്കിൽ കൃഷി ആവശ്യത്തിന് ലോൺ കിട്ടാതെ വരാൻ പാടില്ലെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.. സ്വർണ്ണപ്പണയ വായ്പകൾ നിരുൽസാഹപ്പെടുത്തണമെന്നുള്ള നയമാണ് ഗവൺമെന്റിനുള്ളത്.

## (6) <u>റവന്യൂ ഭൂമി 'ആശാപുര' കമ്പനിക്ക് പതിച്ചുനൽകുന്നത് സംബന്ധിച്ച്</u>

<u>ശ്രീ. പള്ളിപ്രം ബാലൻ</u>: ഹോസ്ദുർഗ്ഗ് മണ്ഡലത്തിൽ കരിന്തളം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന 'ആശാപുര' കമ്പനിക്ക് 200 ഏക്കർ സ്ഥലം ബോക്സൈറ്റ് ഖനനത്തിന് കൊടുക്കുന്നതുമായി ബന്ധപ്പെട്ട് ആ പ്രദേശത്തെ നാട്ടുകാർ പ്രക്ഷോഭത്തിലാണ്. നിലവിൽ ഖനനം നടത്തുന്നത് നിർത്തൽ

ചെയ്യാനും പുതുതായി 200 ഏക്കർ സ്ഥലം അനുവദിക്കാനുള്ള അഭ്യർത്ഥന മാറ്റിവയ്ക്കാനും നടപടി സ്വീകരിക്കണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): ബോംബെ ആസ്ഥാനമായുള്ള 'ആശാപുര' എന്ന കമ്പനി ഹോസ്ദുർഗ്ഗ് താലൂക്കിൽ കിണാനൂർ വില്ലേജിലെ 675.9895 ഹെക്ടർ സർക്കാർ പുറംപോക്കിലും കരിന്തളം വില്ലേജിൽ 426.5538 ഹെക്ടർ സ്ഥലത്തും ബോക്സൈറ്റ്, അലുമിനിയം, ചൈനാ ക്ലേ എന്നിവ ഖനനം ചെയ്യുന്നതിനുള്ള അനുമതിക്കായി അപേക്ഷ നൽകിയിരുന്നു. 200 ഹെക്ടർ സ്ഥലത്ത് ഖനനം ചെയ്യുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ മുൻകൂർ അനുവാദം ലഭിച്ചതിനെത്തുടർന്ന് സർക്കാർ ഉത്തരവ് പ്രകാരം മൂന്ന് വർഷത്തേയ്ക്ക് മൈനിംഗ് ലീസ് അനുവദിച്ചിട്ടുണ്ട്. നിലവിലുള്ള ചട്ടമനുസരിച്ച് ഖനന പാട്ടം ഒപ്പിടുന്നതിനുമുൻപായി ഭൂമിയുടെ സർഫസ് റൈറ്റ് സംബന്ധിച്ച രേഖകളോ ജില്ലാ കളക്ടറുടെ എൻ.ഒ.സി-യോ ഹാജരാക്കേണ്ടതുണ്ട്. പ്രസ്തുത കമ്പനിയുമായി ഖനന പാട്ടത്തിനുള്ള കരാർ നാളിതുവരെ ഒപ്പിട്ടിട്ടില്ല. മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഹോസ്ദുർഗ്ഗ് താലൂക്കിൽ നടത്തിയ പഠനത്തിൽ ഖനനത്തിന് അപേക്ഷിച്ചിട്ടുള്ള സ്ഥലം ആൾതാമസമില്ലാത്തതാണ്. ഈ പ്രദേശത്തുള്ള ബോക്സൈറ്റ്, ചീനകളിമണ്ണ് എന്നിവയുടെ ഘടന കാരണം മഴവെള്ളം ഭൂമിക്കടിയിലേയ്ക്ക് ഊർന്നിറങ്ങാത്തതിനാൽ പ്രസ്തുത പ്രദേശത്ത് ജലദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്. മേൽമണ്ണ് ഇല്ലാത്തതിനാൽ ഈ പ്രദേശം കൃഷിക്കനുയോജ്യമല്ല. ഉപരിതലത്തിൽ കാണുന്ന ഉറപ്പേറിയ ഭാഗവും അതിനുതാഴെയുള്ള കളിമണ്ണും ഖനനം ചെയ്ത് മാറ്റി പ്രസ്തുത സ്ഥലം

കൃഷിക്കനുയോജ്യമായ മണ്ണിട്ട് നികത്തിയാൽ ഭാവിയിൽ കൃഷിക്കുപയോഗിക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്.

### (7) പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ

ശ്രീമതി ഇ.എസ്. ബിജി മോൾ : ഈ ഗവൺമെന്റ് വന്നതിനുശേഷം 9 തോട്ടങ്ങൾ തുറക്കാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. ഇനിയും തോട്ടങ്ങൾ തുറക്കാനുണ്ട്. തുറന്ന തോട്ടങ്ങൾ നല്ലതുപോലെ പ്രവർത്തിപ്പിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ സഹായം കിട്ടിയാൽ മാത്രമേ സാധിക്കുകയുള്ളു. ആഗസ്റ്റ് മാസം 31-ന് മുൻപ് തുറക്കാത്ത തോട്ടങ്ങൾ കേന്ദ്ര ഗവൺമെന്റ് ഏറ്റെടുക്കുമെന്ന് കേന്ദ്ര വാണിജ്യ വകുപ്പ്മന്ത്രിയുടെ പ്രസ്താവനയു ണ്ടായിരുന്നു. ഇനിയും തുറക്കാത്ത തോട്ടങ്ങൾ കേന്ദ്ര ഗവൺമെന്റ് ഏറ്റെടുക്കണമെന്ന് ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് ശുപാർശ ചെയ്യാൻ നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): സംസ്ഥാനത്ത് ഏഴോളം തോട്ടങ്ങളാണ് പൂർണ്ണമായും അടച്ചിട്ടിരിക്കുന്നത്. കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ച പദ്ധതിക്ക് മുൻപ് 6 തോട്ടങ്ങൾ തുറന്നു. സംസ്ഥാന ഗവൺമെന്റ് തോട്ടം നികുതി, കാർഷികാദായ നികുതി ഇവ ഒഴിവാക്കുന്നതുൾപ്പെടെ നിരവധി ഇളവുകൾ അനുവദിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ സഹായ പദ്ധതിയനുസരിച്ച് ബാങ്ക് വായ്പകൾക്ക് അഞ്ച് വർഷം മോറട്ടോറിയം പ്രഖ്യാപിക്കുകയും. പീനൽ ഇന്ററസ്റ്റ് വേവ് ചെയ്ത് കൊടുക്കുകയും .ടീ ബോർഡിന്റെ ബാദ്ധ്യതകൾ എഴുതിത്തള്ളാൻ തീരുമാനിക്കുകയും ചെയ്തു. തുറക്കാത്ത തോട്ടം കേന്ദ്ര ഗവൺമെന്റ് ഏറ്റെടുക്കുന്നതിനുള്ള പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. ടീ ആക്ട് അനുസരിച്ച് അതിനുവേണ്ടി ഒരു കമ്മിറ്റിയും കോൺസ്റ്റിറ്റ്യൂട്ട് ചെയ്തിട്ടുണ്ട്. കേന്ദ്ര

ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി തുറക്കാത്ത തോട്ടങ്ങൾ ഏറ്റെടുപ്പിക്കുന്നതിനുള്ള പരിശ്രമം നടത്തുന്നതാണ്. തേയിലത്തോട്ടങ്ങളുടെ പുനരുദ്ധാരണത്തിന് കേന്ദ്ര ഗവൺമെന്റിൽ സമർപ്പിച്ചിട്ടുള്ള സ്കീം നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

## (8) വിദ്യാഭ്യാസ മേഖലയിലെ പ്രതിസന്ധി

ശ്രീ. പി.സി. വിഷ്ണുനാഥ്: ഹയർ സെക്കന്ററിയിലെ പാഠപുസ്തക മാറ്റത്തെ സംബന്ധിച്ചുള്ള നടപടി സുപ്രീം കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. പാഠപുസ്തകങ്ങൾ മാറ്റുന്നതിനെ സംബന്ധിച്ച് കെ.ഇ.ആർ-ൽ വളരെ വ്യക്തമായി പറയുന്നുണ്ട്. എൻ.സി.ഇ.ആർ.ടി സിലബസ്സ് മാറ്റണമെങ്കിൽ അതിന്റെ മാനദണ്ഢങ്ങളനുസരിച്ച് മാറ്റണം. ഹൈക്കോടതിയിൽ സർക്കാർ നൽകിയ സത്യവാങ്മൂലത്തിൽ പറഞ്ഞിരിക്കുന്നത് 2.5 കോടി രൂപയുടെ ബുക്ക് പുതുതായി അച്ചടിച്ചുവെന്നാണ്. പഴയ പുസ്തകം പഠിക്കാനാണ് സുപ്രീം കോടതി നിർദ്ദേശം. ഈ ക്രമക്കേട് കാണിച്ച ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ.എം.എ. ബേബി): സർവ്വകലാശാലകളിൽനിന്നും പ്രീഡിഗ്രി വേർപെടുത്തി ഹയർസെക്കണ്ടറി ആക്കിയതിനുശേഷം 1991 മുതൽ ഭാഷാ വിഷയങ്ങളൊഴികെയുള്ള കോർ വിഷയങ്ങൾക്ക് എൻ.സി.ഇ.ആർ.ടി. യുടെ പുസ്തകങ്ങളാണ് പഠിപ്പിക്കുന്നത്. ഭാഷാ വിഷയങ്ങൾ സിലബസ് കമ്മിറ്റി ആലോചിച്ച് അച്ചടിച്ച് കൊടുക്കും. എൻ.സി.ഇ.ആർ.ടി.യുടെ പുസ്തകങ്ങൾ മാറുന്ന മുറയ്ക്ക് ഹയർ സെക്കണ്ടറി കോർ വിഷയങ്ങളിലെ പുസ്തകങ്ങൾക്കും മാറ്റം വരും. എൻ.സി.ഇ.ആർ.ടി. 2005-ൽ പുസ്തകങ്ങൾ

മാറ്റിയപ്പോൾ ഇവിടെയും മാറ്റം വരുത്തുന്നതിന് മുൻ ഗവൺമെന്റ് നടപടി സ്വീകരിച്ചില്ല. സ്വകാര്യ സംരംഭകർ പുസ്തകം അച്ചടിച്ച് വിതരണം ചെയ്യുന്ന തുവഴിയുള്ള ക്രമക്കേടുകൾ അവസാനിപ്പിക്കാനും ലാഭക്കൊതിയൻമാരായ ലോബികളെ ഈ രംഗത്തുനിന്ന് ഒഴിവാക്കുന്നതിനുംവേണ്ടി സംസ്ഥാന ഗവൺമെന്റും എൻ.സി.ഇ.ആർ.ടി.യുംകൂടി കരാറിലേർപ്പെടുകയും 2 ശതമാനം റോയൽറ്റി കൊടുത്തുകൊണ്ട് പുസ്തക വിതരണത്തിന് വ്യവസ്ഥയുണ്ടാക്കുകയും ചെയ്തതിനെതിരെ ചില വിദ്യാർത്ഥികൾ ഹൈക്കോടതിയെ സമീപിക്കുകയും ഈ സംരംഭങ്ങളെ സിംഗിൾബഞ്ച് തള്ളുകയുമുണ്ടായി. ഹൈക്കോടതി ഡിവിഷൻ ബഞ്ച് സംസ്ഥാന ഗവൺമെന്റിന്റെ വാദമുഖങ്ങളെ അംഗീകരിച്ച് എൻ.സി.ഇ.ആർ.ടി.യുടെ പുതുക്കിയ പുസ്തകങ്ങൾ അച്ചടിച്ച് വിതരണം നടത്തുന്നതിന് അനുമതി തരികയുണ്ടായി. സംസ്ഥാന ഗവൺമെന്റ് ഏത് സാഹചര്യത്തിലാണ് ഇത്തരത്തിലൊരു തീരുമാനമെടുത്തത് എന്നുള്ളത് കേൾക്കാൻ തയ്യാറാകാതെ എൻ.സി.ഇ.ആർ.ടി. പിൻവലിച്ച, പഠിപ്പിക്കാൻ പാടില്ലെന്ന് വിലക്കിയ പാഠപുസ്തകങ്ങൾ സുപ്രീം കോടതിയുടെ എക്സ്-പാർട്ടി വിധി അനുസരിച്ച് പഠിപ്പിക്കാൻ പോകുകയാണ്. ക്ലാസ്സ് ആരംഭിച്ചിരിക്കുന്ന ഈ സാഹചര്യത്തിൽ സുപ്രീം കോടതിയിൽ വാദവുമായി മുന്നോട്ടുപോകാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല. പുതിയ പാഠപുസ്തകങ്ങൾ അടുത്ത വർഷം പഠിപ്പിക്കാൻ കഴിയുന്ന തരത്തിൽ സുപ്രീം കോടതിയിൽനിന്നും വിധി ലഭ്യമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുകയാണ്.

### (9) <u>പ്രാദേശിക വികസന ഫണ്ട്</u>

<u>ശ്രീ. എസ്. രാജേന്ദ്രൻ</u> : ഇടുക്കി ജില്ലയിൽ ദേവികുളം മണ്ഡലത്തിൽ വിവിധ വികസന പ്രവർത്തനങ്ങൾക്കായി എം.എൽ.എ.മാർക്കും എം.പി.

മാർക്കും അനുവദിക്കുന്ന 50 ലക്ഷത്തോളം രൂപയുടെ പ്രാദേശിക വികസന ഫണ്ട് പാസ്സാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കണം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ചികിത്സാ ധനസഹായമായി അനുവദിക്കപ്പെട്ട 1,15,000 രൂപ ഇതുവരെ നൽകിയിട്ടില്ല. ബില്ലുകൾ പാസ്സാക്കാത്തതുകൊണ്ട് പല നിർമ്മാണ പ്രവർത്തനങ്ങളും നടക്കുന്നില്ല. ഇതിലെ പോരായ്മകൾ പരിഹരിച്ച് ബില്ലുകൾ ഉടനടി പാസ്സാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : ഇടുക്കി ജില്ലയിലെ 5 നിയോജകമണ്ഡലങ്ങൾക്കായി 2005-06 വർഷത്തിൽ അനുവദിച്ച 375 ലക്ഷം രൂപയിൽ 300 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിക്കഴിഞ്ഞു. പണി പൂർത്തീകരിച്ച 27 ലക്ഷം രൂപയുടെ ബില്ലുകൾ പാസ്സാക്കുകയും 18 ലക്ഷം രൂപയുടെ 6 ബില്ലുകൾ കുടിശ്ശികയിലുമാണ്. ഇതു സംബന്ധിച്ച് എല്ലാ ജില്ലകളിലെയും കണക്കുകൾ പരിശോധിച്ച് കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## (10) കൊലപാതകങ്ങൾ

ശ്രീ. കെ. കെ. ഷാജു : പന്തളം നിയോജകമണ്ഡലത്തിൽ വേണുഗോപാൽ, വാസുദേവൻ, ഉദയശ്രീ എന്നിവർ മൂന്ന് വ്യത്യസ്ത സംഭവങ്ങളിലായി കൊലചെയ്യപ്പെട്ടതുമായി ബന്ധപ്പെട്ട പ്രതികളെ കണ്ടുപിടിച്ച് മാതൃകാപരമായി ശിക്ഷിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ.കോടിയേരി ബാലകൃഷ്ണൻ) 28-07-2007-ന് വൈകുന്നേരം 5.30-ന് നൂറനാട് പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട വാസുദേവൻ എന്നയാളെ ജാതിപ്പേര് വിളിക്കുകയും മൂന്ന് പേർ ചേർന്ന് വെട്ടിയും കുത്തിയും ഗുരുതരമായി പരിക്കേല്പി

ക്കുകയും കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലിരിക്കെ 09-08-2007-ന് മരണപ്പെടുകയും ചെയ്തതു സംബന്ധിച്ച് പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി പ്രതികളെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി റിമാൻഡിൽ പാർപ്പിച്ചിരിക്കുകയാണ്. തഴക്കര ഉദയശ്രീ എന്ന യുവതിക്ക് ഭർത്താവുമായി വഴക്കുണ്ടായതിനെത്തുടർന്ന് ദേഹാസ്വാസ്ഥ്യം ഉണ്ടാകുകയും ആശുപത്രിയിൽവച്ച് മരണപ്പെടുകയും ചെയ്ത സംഭവത്തിൽ മാവേലിക്കര പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. 27-08-2007-ന് താമരക്കുളം മാർക്കറ്റ് ജംഗ്ഷനു സമീപം മോട്ടോർ സൈക്കിളിൽ വരികയായിരുന്ന വേണുഗോപാലിനെ 5 പേർ ചേർന്ന് വെട്ടിയും കുത്തിയും പരിക്കേല്പിക്കുകയും തിരുവല്ല പുഷ്പഗിരി ആശുപത്രിയിൽവച്ച് മരണപ്പെടുകയുമുണ്ടായി. ഇക്കാര്യത്തിൽ രണ്ട് പ്രതികളെ അറസ്റ്റ് ചെയ്യുകയും മറ്റ് പ്രതികളെ പിടിക്കുന്നതിന് ഊർജ്ജിതാന്വേഷണം നടത്തിവരികയുമാണ്. മൂന്നുപേരുടെയും മരണത്തിനിടയാക്കിയ സാഹചര്യം സംബന്ധിച്ച് ഗൗരവതരമായ അന്വേഷണം നടത്തി നടപടി സ്വീകരിക്കാൻ കർശന നിർദ്ദേശം നൽകുന്നതാണ്.

## (11) <u>വാഹന അപകടം</u>

<u>ശ്രീ. എ.എം. യൂസഫ്</u>: ആലുവ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ ദിവസം പള്ളിയിൽ നിസ്ക്കരിക്കാൻ പോയ മൂന്നുപേരെ സ്പിരിറ്റ് ലോബിയുടെ കാർ ഇടിച്ചുവീഴ്ത്തുകയും രണ്ട് പേർ തൽക്ഷണം മരണപ്പെടുകയും ഒരാൾ ഗുരുതര പരിക്കുകളോടെ ചികിത്സയിലുമാണ്. സംഭവത്തിനു ശേഷം നിർത്താതെ ഓടിച്ചുപോയ കാർ ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തിയതിനെത്തുടർന്ന് പോലീസ് കസ്റ്റഡിയിലെടുക്കുകയും കാറിൽനിന്ന്

സ്പിരിറ്റ് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ഈ സംഭവത്തിൽ കുറ്റവാളികളെ കണ്ടെത്തി നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ഈ പ്രശ്നം ശ്രദ്ധയിൽപ്പെട്ട ഉടൻതന്നെ പോലീസ് ഉദ്യോഗസ്ഥരെ വിളിച്ച് ആവശ്യമായ നിർദ്ദേശം നൽകിയിരുന്നു. സെപ്റ്റംബർ മാസം 15-ാം തീയതി രാത്രി 9 മണിയോടെ ആലുവ യു.സി. കോളേജ് പോസ്റ്റ് ഓഫീസിനുമുന്നിലൂടെ നടന്നുപോകുകയായിരുന്ന മൂന്നുപേരെ ഇൻഡിക്ക കാർ ഇടിച്ച് പരിക്കേല്പിച്ചതിനെത്തുടർന്ന് രണ്ടുപേർ തൽക്ഷണം മരിക്കുകയും ഒരാളെ ഗുരുതര പരിക്കുകളോടെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയുമാണ്. സംഭവത്തെത്തുടർന്ന് ഉപേക്ഷിക്കപ്പെട്ട നിലയിൽ കാണപ്പെട്ട കാർ കസ്റ്റഡിയിലെടുക്കുകയും പരിശോധനയിൽ രണ്ട് കന്നാസുകളിലായി രണ്ട് ലിറ്റർ ചാരായം കണ്ടെത്തുകയും അബ്കാരി ആക്ട് പ്രകാരം പോലീസ് കേസ് രജിസ്റ്റർ ചെയ്ത് പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനുള്ള ഊർജ്ജിതമായ അന്വേഷണം നടത്തിവരികയുമാണ്. ആലുവയിലും സമീപ പ്രദേശങ്ങളിലും വർദ്ധിച്ചുവരുന്ന വാഹനാപകടം ഒഴിവാക്കുന്നതിന് സ്പീഡ് ചെക്കപ്പ് നടത്തുകയും സൈൻ ബോർഡ് സ്ഥാപിക്കുകയും കൂടുതൽ പോലീസിനെ വിന്യസിപ്പിക്കുകയും ബോധവത്ക്കരണ ക്ളാസ്സുകൾ നടത്തുകയും ചെയ്തിട്ടുണ്ട്. അപകടത്തിന് ഉത്തരവാദികളായവരെ കണ്ടെത്താൻ ആവശ്യമായ നിർദ്ദേശം കൊടുക്കുന്നതാണ്.

### (12) ഭൂമി കയ്യേറ്റങ്ങളെ സംബന്ധിച്ച സമഗ്രമായ അന്വേഷണം

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): പൊൻമുടി ഭൂമി വിവാദവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി കഴിഞ്ഞ ദിവസം വസ്തുതയുമായി ബന്ധമില്ലാത്ത കാര്യങ്ങളാണ് പ്രസ്താവിച്ചത്. 2003-ൽ യു.ഡി.എഫ്. കൊണ്ടുവന്ന

നിയമത്തിന്റെ പേരിൽ സർക്കാരിന് ഒരിഞ്ച് ഭൂമിപോലും നഷ്ടപ്പെട്ടിട്ടില്ല. സേവി മനോ മാത്യുവിന്റെ അപേക്ഷ കസ്റ്റോഡിയൻ സ്വീകരിച്ചിരിക്കുന്നത് 2007 ഫെബ്രുവരി 3-ാം തീയതി ഇറക്കിയിരിക്കുന്ന റൂളിലെ സെക്ഷൻ 17 അനുസരിച്ചാണ്. റൂളിലെ സെക്ഷൻ 20 അനുസരിച്ച് ഈ അപേക്ഷ പരിശോധിച്ച് ഉത്തരവിട്ടിരിക്കുകയാണ്. യു.ഡി.എഫ്-ന്റെ കാലത്ത് പരിസ്ഥിതി സംരക്ഷണ നിയമത്തിന്റെ മറവിൽ യഥാർത്ഥ കർഷകരെ ദ്രോഹിക്കാതിരിക്കാൻ വേണ്ടിയാണ് ഈ ഭേദഗതി നിയമം കൊണ്ടുവന്നത്. ആക്ടിന് വിധേയമായിട്ടാണ് റൂൾ കൊണ്ടുവരുന്നത്, ആക്ടിലെ ഭേദഗതി എനേബ്ളിംഗ് പ്രൊവിഷൻ മാത്രമാണ്. റൂൾ കൊണ്ടുവരാത്തതുകൊണ്ട് ഈ നിയമഭേദഗതിയുടെ അടിസ്ഥാനത്തിൽ ഒരിഞ്ച് ഭൂമിപോലും യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് നഷ്ടപ്പെട്ടിട്ടില്ല. അന്വേഷണം ഒഴിവാക്കുന്നതിന് ബോധപൂർവ്വം തെറ്റിദ്ധരിപ്പിക്കുന്നത് ശരിയല്ല. യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് എന്തെങ്കിലും തെറ്റുണ്ടായിട്ടുണ്ടെങ്കിൽ അതുൾപ്പെടെ അന്വേഷണ വിധേയമാക്കണം; അതിന് ഗവൺമെന്റ് തയ്യാറാകണം.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): യു.ഡി.എഫ്. പാസ്സാക്കിയ 2003-ലെ നിയമത്തിന് 2005-ൽ പ്രസിഡന്റിന്റെ അംഗീകാരം ലഭിക്കുകയും നിയമം നടപ്പിലാക്കാനുള്ള വിജ്ഞാപനം 3.5.2005-ൽ പുറപ്പെടുവിക്കുകയും ചെയ്തു. ആക്ട് നടപ്പിലാക്കണമെങ്കിൽ ചട്ടങ്ങൾ പുറപ്പെടുവിക്കേണ്ടിയിരുന്നു. സാധാരണഗതിയിൽ നിയമം നടപ്പിലാക്കാനുള്ള വിജ്ഞാപനത്തോടൊപ്പംതന്നെ ചട്ടങ്ങളും പ്രസിദ്ധീകരിക്കേണ്ടതാണ്. ഉപദേശക സമിതിയുടെയും ജില്ലാ ജഡ്ജി ചെയർമാനായ നാല് ട്രൈബ്യൂണലുകളുടെയും രൂപീകരണം, കസ്റ്റോഡിയന് ഭൂമി സംബന്ധിച്ച കേസ്സുകൾ കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമം എന്നിവ ചട്ടങ്ങളിലാണ് വരേണ്ടത്. ഈ

ഗവണ്മെന്റ് 3.2.2007-ൽ ചട്ടങ്ങൾ പ്രസിദ്ധീകരിച്ച് നിയമത്തിനു വിധേയമായി നാല് ട്രൈബ്യൂണലുകൾ രൂപീകരിച്ചു. 2000 ജൂൺ 2 മുതൽ പിൽക്കാലപ്രാബല്യത്തോടുകൂടി നടപ്പിലാക്കിയ നിയമം ചട്ടങ്ങളുടെ അഭാവത്തിൽ നടപ്പിലാക്കാൻ സാധിക്കില്ലെന്നത് എല്ലാപേർക്കും അറിയാം. യു.ഡി.എഫ്. അധികാരത്തിൽ നിന്നൊഴിയുന്നതുവരെ ചട്ടങ്ങൾ പുറപ്പെടുവിക്കാൻ തയ്യാറാകാത്തതാണ് സേവി മനോ മാത്യൂ ഉൾപ്പെടെയുള്ളവർക്ക് അവർ കൈവശപ്പെടുത്തിയ ഭൂമി സംരക്ഷിക്കുന്നതിനുള്ള അവസരം ഒരുക്കിക്കൊടുത്തത്. കൂടാതെ സേവി മനോ മാത്യൂവിനുവേണ്ടി 10 ശതമാനമായിരുന്ന സ്റ്റാമ്പ് ഡ്യൂട്ടി 4 ശതമാനമായി കുറയ്ക്കുകയും മാർച്ച് 30-ന് അയാളുടെ രജിസ്ട്രേഷൻ തീർന്നപ്പോൾ ഏപ്രിൽ ഒന്നുമുതൽ സ്റ്റാമ്പ് ഡ്യൂട്ടി വീണ്ടും 10 ശതമാനമായി വർദ്ധിപ്പിക്കുകയും ചെയ്തു. ഈ അവസരം പ്രയോജനപ്പെടുത്താൻ വൻകിടക്കാരായ ഭൂമി കൈവശക്കാരുണ്ടായിരുന്നു. നിയമത്തിന്റെ അന്തസ്സത്തയ്ക്ക് അനുസൃതമായിട്ടാണ് ചട്ടങ്ങൾ ഉണ്ടാകേണ്ടത്. യു.ഡി.എഫ്. പാസ്സാക്കിയ 2005-ലെ നിയമത്തിനുള്ളിൽ നിന്നുകൊണ്ടാണ് സംസ്ഥാന ഗവണ്മെന്റ് ചട്ടങ്ങൾ പുറപ്പെടുവിച്ചത്. 2005-ലെ നിയമത്തിലുണ്ടായിരുന്ന പഴുതുകൾ ഉപയോഗിച്ച് സർക്കാരിന് നഷ്ടപ്പെട്ട ഭൂമി വീണ്ടെടുക്കുന്നതിന് ഈ നിയമത്തിൽത്തന്നെ ഭേദഗതി വരുത്തും. 2005-ലെ യു.ഡി.എഫ്.ന്റെ നിയമമാണ് വൻകിടക്കാരുടെ കൈയിൽ ഭൂമി എത്തിച്ചുകൊടുക്കുന്നതിന് സഹായകരമായ സാഹചര്യമുണ്ടാക്കിയത്. അടിയന്തിര നടപടി സ്വീകരിച്ച് ഗവണ്മെന്റിൽ നിക്ഷിപ്തമായ ഭൂമി കൈവശപ്പെടുത്തുന്നതാണ്. ഈ കാര്യത്തെക്കുറിച്ച് പരിശോധിച്ച് ആവശ്യമായ കാര്യങ്ങളെല്ലാം ചെയ്യുന്നതാണ്.

<u>ശ്രീ. ഉമ്മൻ ചാണ്ടി:</u> മുഖ്യമന്ത്രിയുടെ മറുപടി സ്വീകാര്യമല്ല. യു.ഡി.എഫ്-ന്റെ ഭാഗത്ത് തെറ്റുണ്ടെങ്കിൽ അതിനെക്കുറിച്ചുകൂടി സമഗ്രമായ അന്വേഷണം നടത്തണമെന്ന് വെല്ലുവിളിക്കുന്നു. ഗവണ്മെന്റിന്റെ ഈ നിലപാടിൽ പ്രതിഷേധിച്ച് നിയമസഭാ കവാടത്തിൽ സർവ്വശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, ജോസഫ് എം. പുതുശ്ശേരി, കെ.ബി.ഗണേഷ് കുമാർ, യു.സി.രാമൻ, കെ.കെ. ഷാജു എന്നീ 5 സഹപ്രവർത്തകർ അനിശ്ചിതകാല നിരാഹാര സമരം ആരംഭിക്കുകയാണ്. പ്രതിപക്ഷത്തിന്റെ ജനാധിപത്യാവകാശങ്ങൾ ഗവണ്മെന്റ് നിഷേധിക്കാത്തിടത്തോളം സഭാനടപടികളിൽ സഹകരിക്കും.

(മുഖ്യമന്ത്രിയുടെ മറുപടി തൃപ്തികരമല്ലാത്തതിൽ പ്രതിഷേധിച്ച് അനിശ്ചിതകാല നിരാഹാര സത്യാഗ്രഹത്തിന് തയ്യാറായ അംഗങ്ങളുമായി പ്രതിപക്ഷം സഭയിൽ നിന്നും പുറത്തുപോവുകയും അൽപ്പസമയത്തിനു ശേഷം സഭയിൽ ഹാജരാവുകയും ചെയ്തു)

## റിപ്പോർട്ട് സമർപ്പണം

പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ മുപ്പത്തിയേഴ് മുതൽ നാൽപ്പത്തിനാല് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു

## നിയമനിർമ്മാണകാര്യം

### <u>സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ(തടയൽ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും</u>

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ):</u> സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007 -ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ(തടയൽ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. വി. ശശികുമാർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാര മുള്ള 2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. വളരെ സമഗ്രമായ രീതിയിലാണ് ഈ ബിൽ അവതരിപ്പി ച്ചിട്ടുള്ളത്. കേരളത്തിൽ വളർന്നുവരുന്ന പലതരത്തിലുള്ള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനും നിയന്ത്രിക്കുന്നതിനും പ്രത്യേക വ്യവസ്ഥകൾ ഉണ്ടാകേണ്ടത് അത്യാവശ്യമായി വന്നതുകൊണ്ട് നേരത്തെ പുറപ്പെടുവിച്ചിരുന്ന ഓർഡിനൻസിൽ നിന്നും വ്യത്യസ്തമായി വിശാലമായ അർത്ഥത്തിലാണ് ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളത്. വ്യാജവാറ്റുകാർ, കള്ള നോട്ടടിക്കാർ, പരിസ്ഥിതി വിധ്വംസകർ തുടങ്ങിയവരെ കൈകാര്യം ചെയ്യാൻ പറ്റുന്നവിധത്തിൽ വളരെ പ്രസക്തമായ രീതിയിലാണ് ഇത് തയ്യാറാക്കിയിട്ടു ള്ളത്. ക്ഷേത്രങ്ങളിലും ആരാധനാലയങ്ങളിലുമൊക്കെ കയ്യേറ്റം നട ത്തുന്നവരെ സാമൂഹ്യ വിരുദ്ധ പ്രവർത്തകരുടെ പട്ടികയിൽ ഉൾപ്പെടുത്തണം. മലപ്പുറം ജില്ലയിൽ ഈ അടുത്ത ദിവസം 200 കോടി രൂപയുടെ ഹവാല പണം പിടിച്ചെടുക്കുകയും നിരവധി കുറ്റവാളികളെ പിടികൂടുകയും ചെയ്തു. ഇത്തരം സംഭവങ്ങൾ സാമൂഹ്യ ഐക്യത്തിന്റെ അന്തരീക്ഷം തകർക്കുന്നവ യാണ്. ഇത്തരത്തിലുള്ള കേസ്സുകൾ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളായി കണക്കാക്കി ഈ ബില്ലിന്റെ പരിധിയിൽ കൊണ്ടുവരണം. പൗരന്മാരുടെ ജനാ ധിപത്യാവകാശത്തെ കവർന്നെടുക്കാനുള്ള സാഹചര്യമുണ്ടാകരുത്. ജനങ്ങ ളുടെ മൗലികാവകാശം സംരക്ഷിക്കപ്പെടണം. തടങ്കലിൽ വയ്ക്കപ്പെടുന്ന വർക്ക് അഭിഭാഷകന്റെ ഉപദേശം തേടുന്നതിനുള്ള ന്യായമായ എല്ലാ അവസ

രങ്ങളും ചെയ്തുകൊടുക്കേണ്ടതാണെന്ന് ബില്ലിൽ പറഞ്ഞിട്ടുള്ളത് ശ്രദ്ധേയമാണ്. ടാഡ, പോട്ട തുടങ്ങിയ നിയമങ്ങളിലെ അനുഭവങ്ങൾ ആവർത്തിക്കപ്പെടാതിരിക്കാനുള്ള കർശനമായ വ്യവസ്ഥകൾ സ്വാഗതാർഹമാണ്.. സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ അവസാനിപ്പിക്കുന്നതിനുള്ള ഇച്ഛാശക്തിയോടെയുള്ള ശ്രമം അഭിനന്ദനീയമാണ്.

<u>ശ്രീ. സി.ടി. അഹമ്മദ് അലി</u>: 2007-ലെ സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ബിൽ കേരളത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ടതാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യവിരുദ്ധരുടെ അഴിഞ്ഞാട്ടമാണ് നടന്നുവരുന്നത്. ഉദ്യോഗസ്ഥരുടെ കഴിവുകേടും രാഷ്ട്രീയ ഇടപെടലുകളുംകൊണ്ടാണ് കുറ്റകൃത്യങ്ങൾ കൂടിക്കൂടി വരുന്നത്. പോലീസിന് ചുമതല നിർവ്വഹിക്കാനുള്ള അവസരം നൽകണം. പട്ടാപ്പകൽ കൊള്ളയടിക്കപ്പെടുന്നതും നടുറോഡിൽ കൊലചെയ്യപ്പെടുന്നതും സംസ്ഥാനത്ത് ബോംബ് നിർമ്മിക്കുന്നതും കണ്ടുപിടിക്കുന്നതിൽ രഹസ്യ വിഭാഗങ്ങൾ പൂർണ്ണമായും പരാജയപ്പെട്ടിരിക്കുന്നു. അനാശാസ്യ പ്രവർത്തനം നടത്തുന്ന കേന്ദ്രങ്ങൾ, ചൂതുകളി കേന്ദ്രങ്ങൾ, ബാങ്ക് കൊള്ളകൾ, സ്പിരിറ്റ് മാഫിയ ഇവയെല്ലാം നിയന്ത്രിക്കുന്നതിനുള്ള സംവിധാനമുണ്ടാകണം. മത സൗഹാർദ്ദമുള്ള കേരളത്തിൽ വർഗ്ഗീയ സംഘട്ടനങ്ങളും സംഘർഷങ്ങളും ഉണ്ടാകാതിരിക്കാനുള്ള നടപടി എടുക്കണം. ഭൂമി കയ്യേറ്റം തടയാൻ നടപടി ഉണ്ടാകണം. ഈ നിയമം കുറ്റമറ്റ രീതിയിൽ ആവശ്യമായ ഭേദഗതികൾ വരുത്തി പൂർണ്ണമായി അംഗീകരിച്ചുകൊണ്ട് നടപ്പാക്കണം.

<u>**പ്രൊഫ. കെ. വി. തോമസ്**</u>: ഇതൊരു പ്രധാനപ്പെട്ട നിയമനിർമ്മാണമാണ്. അസാധാരണ സാഹചര്യങ്ങളിൽ അസാധാരണ നടപടികൾ

എടുക്കുന്നതിന് ഗവൺമെന്റിന് അധികാരം നൽകുന്ന ബില്ലാണിത്. രാഷ്ട്രീയ പാർട്ടികളുടെ ഇച്ഛാശക്തിക്കനുസരിച്ച് നിയമം വളച്ചൊടിച്ച് കാര്യങ്ങൾ നടപ്പിലാക്കുന്ന രീതിയിലുള്ള ദുരുപയോഗം ഒരു കാരണവശാലും ഉണ്ടാകരുത്. ഉപദേശക ബോർഡിന്റെ ചെയർമാൻ സുപ്രീം കോടതി ജഡ്ജിയോ ഹൈക്കോടതി ജഡ്ജിയോ ആയിരിക്കണം. രാഷ്ട്രീയപ്രേരിത മായി ആളുകളെ നിയമിച്ചാൽ എതിരാളികളെ ഒതുക്കുന്നതിന് സാധിക്കു മെന്നതിനാൽ ഉപദേശക ബോർഡിലെ അംഗങ്ങളുടെ നിയമനം വളരെ ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യേണ്ടതുണ്ട്. ബഹുമാനപ്പെട്ട സ്പീക്കർ, പ്രതി പക്ഷ നേതാവ്, ആഭ്യന്തര വകുപ്പുമന്ത്രി എന്നീ അംഗങ്ങൾ ഉൾപ്പെടുന്ന ഒരു കമ്മിറ്റി, കേരളാ ചീഫ് ജസ്റ്റിസുമായി കൺസൾട്ട് ചെയ്ത് ഉന്നത നില വാരം പുലർത്തുന്ന ആളുകളെ കണ്ടെത്തി മറ്റു രണ്ടംഗങ്ങളായി നിയമി ക്കണം. ഈ നിയമം കുറേക്കൂടി സുതാര്യമാക്കണം. രാഷ്ട്രീയ പാർട്ടിയുടെ മേലങ്കിയണിഞ്ഞ് ഗുണ്ടകൾ രക്ഷപ്പെടാൻ പാടില്ല. മദ്യ മാഫിയകൾ, ഭീകര പ്രവർത്തകർ, തീവ്രവാദികൾ, ഹവാല സംഘങ്ങൾ, കവലച്ചട്ടമ്പിമാർ, വർഗ്ഗീയ ലഹളക്കാർ, വാടക ഗുണ്ടകൾ എന്നിവരെ ഈ നിയമത്തിന്റെ പരി ധിയിൽ കൊണ്ടുവരുന്നതോടൊപ്പം സൈബർ കുറ്റവാളികൾ, വ്യാപകമായി കരിഞ്ചന്തയും പൂഴ്ത്തിവയ്പും നടത്തുന്നവർ, കള്ളനോട്ട് സംഘങ്ങൾ തുട ങ്ങിയവരേയും ഉൾപ്പെടുത്തണം. മന:പൂർവ്വം പൊതുമുതൽ നശിപ്പിക്കുന്ന വരെക്കൂടി ഈ നിയമത്തിൽ ഉൾപ്പെടുത്തിയില്ലെങ്കിൽ സംസ്ഥാനത്ത് രാഷ്ട്രീയ സമരങ്ങളുടെ പേരിൽ കൊള്ളയും കൊലപാതകവും വ്യാപകമാ യുണ്ടാകും. നഗരങ്ങളിൽ റൗഡിസംമൂലവും കൊള്ളപ്പലിശക്കാർ നിമി ത്തവും മരണം സംഭവിക്കുന്നത് സർക്കാർ പരിശോധിക്കേണ്ടതാണ്. ഭൂമി കയ്യേറുന്നവരെ തടയുന്നതിന് നടപടിയുണ്ടാകണം. അന്യ സംസ്ഥാനത്തു

നിന്നും കേരളത്തിൽ വരുന്ന കുപ്രസിദ്ധരായ കൊലപാതകികളെ തടയുന്നതിനും സംവിധാനമുണ്ടാകണം. ബില്ലിലെ നിർവ്വചനങ്ങൾക്ക് അതിന്റെ അർത്ഥവ്യാപ്തി ഉൾക്കൊള്ളാൻ കഴിയണം. 'റൗഡി' എന്നതിന്റെ നിർവ്വചനത്തിൽ ഒരു കൊലയാളിയോ കവർച്ചക്കാരനോ ഉൾപ്പെടുമോ എന്നത് പരിശോധിക്കണം. വളരെ നിഷ്പക്ഷമായി നിയമനിർമ്മാണം നടത്താൻ സർക്കാരിന് കഴിയണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ):</u> 2007-ലെ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ബിൽ സബ്ജക്ട് കമ്മിറ്റി വിശദമായ ചർച്ചയ്ക്ക് വിധേയമാക്കി ഒട്ടേറെ മാറ്റങ്ങളോടെയാണ് അവതരിപ്പിച്ചിരിക്കുന്നത്. പ്രതിപക്ഷ കക്ഷിനേതാക്കളുൾപ്പെടെ പല മെമ്പർമാരും വിലപ്പെട്ട സംഭാവന ഈ അവസരത്തിൽ നൽകുകയും അവരുടെ നിർദ്ദേശമനുസരിച്ച് ഒട്ടേറെ ഭേദഗതികൾ വരുത്തുകയും ചെയ്തിട്ടുണ്ട്. ഭരണ-പ്രതിപക്ഷ അംഗങ്ങളെ സജീവമായി പങ്കെടുപ്പിച്ച് 2 ദിവസം തുടർച്ചയായി ചർച്ച ചെയ്തശേഷമാണ് ഈ നിയമം സഭയുടെ മുന്നിൽ അവതരിപ്പിക്കുന്നത്.

യു.ഡി.എഫ്. ഗവണ്മെന്റ് പുറപ്പെടുവിച്ച ഓർഡിനൻസിൽ മാറ്റങ്ങൾ വരുത്തി പുതിയ വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്തിക്കൊണ്ടാണ് ഈ ഗവണ്മെനന്റ് ഓർഡിനൻസ് കൊണ്ടുവന്നത്. ഈ നിയമം ഏതു രീതിയിൽ ഉപയോഗിക്കുമെന്നതിനെ ആശ്രയിച്ചാണ് ഇതിന്റെ ഭാവി നിലകൊള്ളുന്നത്. കരുതൽ തടങ്കൽ വ്യവസ്ഥ ഉൾപ്പെടുത്തിയാൽ അത് സംസ്ഥാനത്ത് നടപ്പാക്കാൻ സാധിക്കുകയില്ല. കുറ്റകൃത്യങ്ങളിലേർപ്പെടുന്ന ഒരാളെ താൽക്കാലികമായി തടങ്കലിൽ വയ്ക്കാവുന്ന ഒരു നിയമമാണിത്. ഈ

നിയമം പാസ്സാക്കികഴിയുമ്പോൾ കുറ്റകൃത്യങ്ങളും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളും പാടെ ഇല്ലാതാകുമെന്ന് ഗവണ്മന്റിന് പ്രതീക്ഷയില്ല. സംസ്ഥാനത്ത് നടക്കുന്ന സംഘടിതമായ കുറ്റകൃത്യങ്ങളെ തടയാൻ നിലവിലുള്ള നിയമങ്ങൾക്കു പുറമേ ഒരു സ്പെഷ്യൽ ആക്ട് വേണ്ടിവന്നിരിക്കുകയാണ്. ഒരാളെ കസ്റ്റഡിയിലെടുക്കുമ്പോൾ പൗരാവകാശസംരക്ഷണം ഉറപ്പുവരുത്തണമെന്നുള്ള ഭരണഘടനാപരമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുള്ള ഒരു നിയമമാണിത്. ഇതിൽ പരിമിതികളുണ്ട്. ചില വ്യവസ്ഥകൾക്കു വിധേയമായി മാത്രമേ ഒരാളെ തടങ്കലിൽ വയ്ക്കാൻ പാടുള്ളൂ എന്ന കാര്യത്തിൽ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. വ്യാജവാറ്റ്കാരൻ, കള്ളനോട്ട് നിർമ്മാതാവ്, പാരിസ്ഥിതിക വിധ്വംസകൻ, ഡിജിറ്റൽ ഡേറ്റയും പകർപ്പ് അവകാശവും അപഹർത്താവ്, മയക്കുമരുന്ന് കുറ്റവാളി, ഹവാല തട്ടിപ്പുകാരൻ, വാടകച്ചട്ടമ്പി, റൗഡി, അസാൻമാർഗ്ഗിക കുറ്റവാളി, കൊള്ളപ്പലിശക്കാരൻ, വസ്തു കയ്യേറ്റക്കാരൻ തുടങ്ങിയവരെ ഈ ബില്ലിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വർഗ്ഗീയ സംഘർഷവും വർഗ്ഗീയ കലാപവും നടത്തുന്ന ആളുകൾ, ദേശീയോദ്ഗ്രഥനത്തിന് ഭംഗം വരുത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നവർ എന്നിവരെക്കൂടി ക്രിമിനൽ നടപടി നിയമസംഹിതയിലെ 153 (എ), 153 (ബി) വകുപ്പ് പ്രകാരമുള്ള കുറ്റങ്ങൾ ഉൾപ്പെടുത്തി അറസ്റ്റ് ചെയ്യാൻ ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. രഹസ്യാന്വേഷണ വിഭാഗം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഭീകരവാദപ്രവർത്തനം നടത്തുന്ന വിഭാഗങ്ങളെ കണ്ടെത്തുന്നതിന് പ്രത്യേകമായൊരു സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിൽ പറഞ്ഞിരിക്കുന്ന കുറ്റങ്ങൾ ചെയ്താൽ രാഷ്ട്രീയപ്രവർത്തകരും ഉൾപ്പെടും.

വകുപ്പു തിരിച്ചുളള ചർച്ചയിൽ ബഹുമാനപ്പെട്ട മെമ്പർമാർ സജീവമായി സഹകരിച്ച് ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുളള 2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയക്കെടുത്തു.

**2-ാം വകുപ്പ്.**

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

107. (1) ഖണ്ഡം 2-ൽ,-

(എ),-ഉപഖണ്ഡത്തിൽ-

(i) "രീതിയിൽ പ്രവർത്തിക്കുന്നതും" എന്ന വാക്കുകൾക്കുശേഷം "ഈ വകുപ്പിലെ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(ii) "ഉപഖണ്ഡങ്ങളിൽ" എന്ന വാക്കിനുപകരം "ഖണ്ഡങ്ങളിൽ" എന്ന വാക്കു ചേർക്കേണ്ടതാണ്.

(iii) "പരാമർശിക്കുന്ന പ്രവർത്തനങ്ങളും" എന്ന വാക്കുകൾക്കുപകരം 'പരാമർശിക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(2) (ഇ) ഉപഖണ്ഡത്തിൽ " മനപ്പൂർവ്വമായും കളളനാണയമോ നോട്ടോ ഐ.പി.സി. സെക്ഷൻ 30-ൽ" എന്നീ

അക്ഷരങ്ങൾക്കും വാക്കുകൾക്കും അക്കങ്ങൾക്കും പകരം "മന:പൂർവ്വമായും വ്യാജമായ നാണയമോ നോട്ടോ ഇൻഡ്യൻ ശിക്ഷാ നിയമസംഹിത (1860-ലെ 45-ാം കേന്ദ്ര ആക്ട്) യിലെ 30-ാം വകുപ്പിൽ" എന്നീ വാക്കുകളും അക്കങ്ങളും ബ്രാക്കറ്റും ചേർക്കേണ്ടതാണ്.

(3) (എച്ച്) ഉപഖണ്ഡത്തിൽ "ലംഘിക്കുന്ന ഏതെങ്കിലും ആളും" എന്ന വാക്കുകൾക്കു പകരം "ലംഘിക്കുന്ന ഏതെങ്കിലും ആൾ" എന്നർത്ഥമാകുന്നതും , "അതിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(4) (ഐ) ഉപഖണ്ഡത്തിൽ "എന്തെങ്കിലും മയക്കുമരുന്ന്" എന്ന വാക്കുകൾക്കു പകരം "ഏതെങ്കിലും മയക്കുമരുന്ന്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(5) (എൽ). ഉപഖണ്ഡത്തിൽ സംഘടനയിലെ എന്ന വാക്കിനു പകരം സംഘത്തിലെ എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(6) (ഒ) ഉപഖണ്ഡത്തിൽ,-

(i)- "ചെയ്ത കുറ്റങ്ങൾക്ക്" എന്ന വാക്കുകൾക്കു പകരം "ചെയ്ത പ്രവൃത്തികൾ" മൂലം എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(ii)ഇനം ( ii)-ൽ "കുറ്റം ചെയ്തതായി കാണുന്ന" എന്ന വാക്കുകൾക്കു പകരം "കുറ്റം ചെയ്തതായി കാണുന്നതോ ആയ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(7) (ക്യു) ഉപഖണ്ഡത്തിനുപകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്,. അതായത്, -

''(ക്യു) കൊള്ളപ്പലിശക്കാരൻ എന്നാൽ വായ്പയുടെ ഏതെങ്കിലും ഭാഗമോ അതിന്റെ പലിശയോ, അതിന്റെ ഏതെങ്കിലും ഗഡുവോ പിരിക്കുന്നതിനോ വായ്പ ഇടപാടുമായി ബന്ധപ്പെട്ട ഏതെങ്കിലും സ്ഥാവരമോ ജംഗമമോ ആയ വസ്തു എടുക്കുന്നതിനോ, വായ്പ തുക ഭാഗികമായോ മുഴുവനുമായോ അതിന്മേലുള്ള പലിശയോ ഈടാക്കുന്നതിനോ വേണ്ടി ഏതെങ്കിലും വ്യക്തിക്ക് നേരെ നേരിട്ടോ അല്ലാതെയോ മറ്റൊരാൾ മുഖേനയോ ശാരീരികമായ അക്രമം നടത്തുകയോ ആക്രമിക്കുമെന്ന് ഭീഷണിപ്പെടുത്തുകയോ ചെയ്യുന്ന ഒരു പണം കടം കൊടുപ്പുകാരനോ, പണം കടംകൊടുപ്പുകാരനാൽ ഏർപ്പാടാക്കിയിട്ടുള്ള ഏതെങ്കിലും ആളോ അയാൾക്കുവേണ്ടി പ്രവർത്തിക്കുന്ന ഒരാളോ എന്നർത്ഥമാകുന്നു;''

(8) (ടി) ഉഖണ്ഡം ഇനം (ii)-ൽ ''ഒഴിവാക്കി ഏതെങ്കിലും തരത്തിൽപ്പെട്ട അഞ്ചുവർഷത്തിൽ കുറഞ്ഞ തടവിനോ'' എന്ന വാക്കുകൾക്കു പകരം ''ഒഴികെ, ഏതെങ്കിലും തരത്തിൽപ്പെട്ട അഞ്ച് വർഷത്തിൽ കുറഞ്ഞ തടവിനായി ശിക്ഷാർഹമായതോ'' എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

ഇതുകൂടാതെ താഴെപ്പറയുന്ന വാക്കാൽ ഭേദഗതിയും അവതരിപ്പിക്കുന്നു.

2(ഒ)-ൽ (1)-ൽ "അധികാരമുളള കോടതിയോ ഭരണാധികാരിയോ" എന്നതിനുപകരം "അധികാരമുളള കോടതിയോ അധികാരസ്ഥനോ" എന്നു ചേർക്കണം.

<u>ശ്രീ. വി.ഡി. സതീശൻ</u>: 108, 121, 145, 172, 190, 204, 226, 238, 253, 273 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ.സി. ജോസഫ്</u>: 112, 132, 153, 154, 191, 210, 228, 240, 271 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

<u>ശ്രീ. അടൂർ പ്രകാശ്</u>: 113, 122, 151, 199, 212, 229, 242 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

<u>ശ്രീ. വി. ശശികുമാർ</u>: 115, 138, 149, 158, 202, 247 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u>: 118, 119, 128, 156, 157, 160, 161, 162, 177, 215, 231, 236, 258 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ.സി. വേണുഗോപാൽ</u>: 120, 127, 144, 183, 184, 222, 225, 254, 262 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

<u>ശ്രീ. സി.പി. മുഹമ്മദ്</u>: 123, 170, 201, 251, 252 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>: 124, 131, 173, 189 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: 125, 167, 180, 214, 255 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു: 133, 171, 188, 200, 257, 268 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: 139, 198, 234 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. വർക്കല കഹാർ: 152, 267 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

പ്രൊഫ. കെ.വി. തോമസ്: 155, 206, 272 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്: 218-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച ഖണ്ഡം 2 (എ) യ്ക്ക് ശേഷം (എഎ) ആയി താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്:-

> "(എഎ) ഉപദേശക ബോർഡ് എന്നാൽ 8-ാം വകുപ്പു പ്രകാരം സർക്കാർ രൂപീകരിച്ച ഉപദേശക ബോർഡ് എന്നർത്ഥമാകുന്നു" എന്ന 119-ാം നമ്പർ ഭേദഗതിയും ഖണ്ഡം 2 (സി) യിൽ "പിന്തുണ നൽകുന്നതിനോ വേണ്ട" എന്ന വാക്കുകൾ മാറ്റി "പിന്തുണ നൽകുന്നതിനോ വേണ്ടി" എന്ന് ആക്കുക എന്ന 128-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. ശ്രീ. എ.എം. ആരിഫിന്റെ . ഖണ്ഡം 2 (ഡി)യിൽ "കുട്ടികൾ അല്ലെങ്കിൽ സഹോദരങ്ങളും" എന്നതിനുപകരം "കുട്ടികളോ സഹോദരങ്ങളോ അല്ലെങ്കിൽ"

എന്നും "രക്തബന്ധമുള്ളവരും" എന്ന വാക്കിനു പകരം "രക്തബന്ധമുള്ളവരോ" എന്നും ചേർക്കുക എന്ന 137-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

ശ്രീ. എ. പ്രദീപ്കുമാർ അവതരിപ്പിച്ച ഖണ്ഡം 2 (ജി)യിൽ "വന്യജീവി സംരക്ഷണവുമായി" എന്നതിനുപകരം "വന്യജീവികളുടെയോ സംരക്ഷണവുമായി" എന്ന് ചേർക്കുക എന്ന 167-ാം നമ്പർ ഭേദഗതിയും ഖണ്ഡം 2 (ആർ)-ൽ "സ്ഥാപനമോ" എന്ന വാക്കിന് പകരം "സ്ഥാപനം" എന്ന് ചേർക്കുക എന്ന 255-ാം നമ്പർ ഭേദഗതിയും ശ്രീ. ആര്യാടൻ മുഹമ്മദ് അവതരിപ്പിച്ച ഖണ്ഡം 2 (എച്ച്)ലെ "ശാസ്ത്രീയപരമായതോ" എന്നതിന് പകരം "ശാസ്ത്രീയമായതോ" എന്ന് ചേർക്കുക എന്ന 173-ാം നമ്പർ ഭേദഗതിയും സ്വീകാര്യമാണ്. ശ്രീ. എം.എ. വാഹീദിന്റെ ഖണ്ഡം 2 (ഐ)-യിൽ "സൈക്കോട്രോപ്പിക് സബ്സ്റ്റൻസസ് ആക്ടിലെയോ" എന്നതിനുപകരം "സൈക്കോട്രോപ്പിക് സബ്സ്റ്റൻസസ് ആക്ടിനോ" എന്നും "സംഭരിക്കുകയോ" എന്നതിനുപകരം "സംസ്ക്കരിച്ചെടുക്കുകയോ സംഭരിക്കുകയോ" എന്നും ചേർക്കുക എന്ന 178-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു. ശ്രീ. കെ.സി. ജോസഫ് അവതരിപ്പിച്ച ഖണ്ഡം 2 (ഒ) (ii) -ൽ "രണ്ട് വ്യത്യസ്ത സംഭവങ്ങളിൽ" എന്നതിനു പകരം "ഒന്നിലധികം വ്യത്യസ്ത സംഭവങ്ങളിൽ" എന്നു ചേർക്കുക എന്ന 228-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്.

ഔദ്യോഗിക ഭേദഗതികളും അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും വാക്കാൽ ഭേദഗതികളും ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 119, 128, ശ്രീ. ആര്യാടൻ മുഹമ്മദ് അവതരിപ്പിച്ച 173, ശ്രീ. എ. പ്രദീപ്കുമാർ അവതരിപ്പിച്ച 167, 255, ശ്രീ. കെ.സി. ജോസഫ് അവതരിപ്പിച്ച 228 എന്നീ നമ്പർ ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 3-ാം വകുപ്പ്.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ):താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(274.) ഖണ്ഡം 3-(3)ൽ "സാമഗ്രികൾ" എന്ന വാക്കിനുപകരം "രേഖകളും" എന്ന വാക്ക് ചേർക്കുക.

ശ്രീ. തോമസ് ഉണ്ണിയാടൻ: 276, 305 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ: 284, 294, 300 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. ബി. ബാബു പ്രസാദ്: 285, 303 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ്: 288, 301 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ.സി. വേണുഗോപാൽ:: 289-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. വി.ഡി. സതീശൻ; 290-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: 295-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ശക്തൻ: 283, 299 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു; 304-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ശ്രീ. എം. ഉമ്മറിന്റെ ഖണ്ഡം 3-ന്റെ മാർജിനൽ ശീർഷകത്തിനുശേഷം "(1)" എന്ന് ചേർക്കുക എന്ന 277-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച ഖണ്ഡം 3(3)ൽ "ഗസറ്റിലെ അവധി ദിവസങ്ങൾ ഒഴിച്ച്" എന്നതിന് പകരം "പൊതു അവധി ദിവസങ്ങൾ ഒഴിച്ച്" എന്ന് ചേർക്കുക എന്ന 305-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 274-ാം നമ്പർ ഔദ്യോഗിക ഭേദഗതിയും ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 305-ാംനമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 4-ാം വകുപ്പ്

ശ്രീ. തോമസ് ഉണ്ണിയാടൻ: 307-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭ നിരാകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ്  വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 5-ാം വകുപ്പ്.

ശ്രീ. തോമസ് ഉണ്ണിയാടൻ: 308-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭ നിരാകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 6-ാം വകുപ്പ്.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): താഴെപ്പറയുന്ന  ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(310.) ഖണ്ഡം 6-ൽ 2-ാം ഉപഖണ്ഡത്തിനുപകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്, അതായത്,-

"1-ാം ഉപവകുപ്പ് (എ) ഖണ്ഡത്തിൻ കീഴിൽ ഏതെങ്കിലും ആളിനെതിരെ റിപ്പോർട്ട് നൽകപ്പെടുമ്പോൾ അയാൾക്കെതിരെയുള്ള തടങ്കൽ ഉത്തരവ് മജിസ്ട്രേറ്റ് പുറപ്പെടുവിച്ച ഒരു വാറണ്ടിനു സമാനമായി പരിഗണിച്ച് 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ (1974-ലെ 2) 82, 83, 84, 85, 86 വകുപ്പുകളിലെ വ്യവസ്ഥകൾ അയാൾക്കും അയാളുടെ സ്വത്തിനും എതിരെ ബാധകമായിരിക്കും."

ശ്രീ. വി.ഡി. സതീശൻ: 311-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ: 313-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. വി.കെ ഇബ്രാഹിംകുഞ്ഞ്: 315-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: 318-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ബി. ബാബുപ്രസാദ്: 320, 323, 324 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. വർക്കല കഹാർ: 321-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ: 322-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 7-ാം വകുപ്പ്.

ശ്രീ. തോമസ് ഉണ്ണിയാടൻ: 325, 327 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. വി.ഡി. സതീശൻ: 333-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: 337-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. വി. ശശികുമാർ: 338, 340 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ശ്രീ. ടി.എൻ. പ്രതാപന്റെ ഖണ്ഡം 7(1)-ൽ "ഒരു ഉത്തരവിന്റെ" എന്നതിനുപകരം "ഉത്തരവിന്റെ" എന്ന് ചേർക്കുക എന്ന 329-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു. ശ്രീ. വി. ശശികുമാർ അവതരിപ്പിച്ച, "ഖണ്ഡം 7 (4)ന്റെ കീഴിലുള്ള ക്ളിപ്ത നിബന്ധന ഉപഖണ്ഡം (2) -ന്റെ ഭാഗമാക്കുക" എന്ന 340-ാം നമ്പർ ഭേദഗതിയും സ്വീകാര്യമാണ്.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും ശ്രീ. വി. ശശികുമാർ അവതരിപ്പിച്ച 340-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 7-ാം വകുപ്പ് വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 8-ാം വകുപ്പ്.

ശ്രീ. സി.പി. മുഹമ്മദ്: 360-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ബി. ബാബുപ്രസാദ്: 361-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: 366-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. അടൂർ പ്രകാശ്: 369-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. വർക്കല കഹാർ: 370-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. വി.ഡി. സതീശൻ; 371-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ: 375-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ഭേദഗദികൾ സ്വീകാര്യമല്ല.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 9-ാം വകുപ്പ്

ശ്രീ. തോമസ് ഉണ്ണിയാടൻ: 376-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : 377-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) പ്രസ്തുത വകുപ്പിൽ 'ഉപദേശക സമിതി' എന്നത് 'ഉപദേശക ബോർഡ്' എന്നാക്കണമെന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചു. മറ്റ് ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 10-ാം വകുപ്പ്

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(385) ഖണ്ഡം 10-ൽ 1-ാം ഉപഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:-

''10. <u>ഉപദേശക ബോർഡിന്റെ നടപടിക്രമവും തുടർനടപടികളും:-</u>

(1) മേൽപ്പറഞ്ഞ വകുപ്പിൻ കീഴിൽ ഒരു റഫറൻസ് നൽകപ്പെട്ടിട്ടുള്ള ഉപദേശക സമിതിക്ക് പ്രസ്തുത റഫറൻസും അതിനു മുമ്പാകെ സമർപ്പിക്കപ്പെട്ട വസ്തുതകളും പരിശോധിച്ച ശേഷവും അതിനാവശ്യമെന്നു തോന്നുന്ന മറ്റ് കൂടുതൽ വിവരങ്ങൾ സർക്കാരിൽ നിന്നോ സർക്കാർ മുഖേന ഈ ആവശ്യത്തിലേയ്ക്കായി വിളിച്ചുവരുത്തപ്പെടുന്ന മറ്റേതെങ്കിലും വ്യക്തിയിൽ നിന്നോ അല്ലെങ്കിൽ ബന്ധപ്പെട്ട വ്യക്തിയിൽ നിന്നോ ആവശ്യപ്പെട്ടും അല്ലെങ്കിൽ ഏതെങ്കിലും പ്രത്യേക സംഗതിയിൽ അങ്ങനെ ചെയ്യേണ്ടത് അത്യാവശ്യമാണെന്ന് അതിനു തോന്നുന്ന പക്ഷമോ അല്ലെങ്കിൽ ബന്ധപ്പെട്ട വ്യക്തി പറയാനുള്ളത് നേരിട്ടു കേൾക്കണമെന്ന് താൽപ്പര്യപ്പെടുമ്പോഴോ പ്രസ്തുത വ്യക്തിയെ നേരിട്ടു കേട്ടതിനു ശേഷവും ബന്ധപ്പെട്ട വ്യക്തിയെ തടങ്കലിൽ വയ്ക്കേണ്ടതിന് മതിയായ കാരണം ഉണ്ടോ ഇല്ലയോ എന്ന അതിന്റെ അഭിപ്രായം ഒരു പ്രത്യേക ഖണ്ഡികയായി വ്യക്തമാക്കിക്കൊണ്ട് അതിന്റെ റിപ്പോർട്ട് തയ്യാറാക്കേണ്ടതും, ആയത് ബന്ധപ്പെട്ട വ്യക്തിയെ തടങ്കലിൽ വച്ച ദിവസം മുതൽ ഒൻപത് ആഴ്ചകൾക്കകം സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്

386 ഖണ്ഡം 10 ന്റെ (4)-ാം ഉപഖണ്ഡത്തിൽ ''ഉറപ്പാക്കേണ്ടതും'' എന്ന വാക്കിനു പകരം ''സ്ഥിരീകരിക്കേണ്ടതും'' എന്ന വാക്ക് ചേർക്കേണ്ടതാണ്.

10-ാം വകുപ്പിൽ വരുന്ന "ഉപദേശക സമിതി" എന്നത് "ഉപദേശക ബോർഡ്" എന്നാക്കണമെന്ന വാക്കാൽ ഭേദഗതിയും അവതരിപ്പിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ : 387, 410 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : 392, 395, 399, 403 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ശക്തൻ : 394-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു : 396-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. സി. പി. മുഹമ്മദ് : 406-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ : 407-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ.കോടിയേരി ബാലകൃഷ്ണൻ) : ശ്രീ. എൻ. ശക്തൻ അവതരിപ്പിച്ച ഖണ്ഡം 10 (2) ൽ " അത്തരം അംഗങ്ങളിൽ " എന്നത് നീക്കം ചെയ്യുക എന്ന 394-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ഔദ്യോഗിക ഭേദഗതികളും വാക്കാൽ ഭേദഗതിയും അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മന്ത്രി അവതരിപ്പിച്ച 385, 386 എന്നീ ഔദ്യോഗിക ഭേദഗതികളും വാക്കാൽ ഭേദഗതിയും ശ്രീ. എൻ. ശക്തൻ അവതരിപ്പിച്ച 394-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 11-ാം വകുപ്പ്

ശ്രീ. തോമസ് ഉണ്ണിയാടൻ: 411-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ ): ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭ നിരാകരിച്ചു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 12-ാം വകുപ്പ്

ശ്രീ. തോമസ് ഉണ്ണിയാടൻ : 413, 414 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ ): ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച ഖണ്ഡം 12-ൽ '(1)' എന്ന അക്കവും ബ്രാക്കറ്റും നീക്കം ചെയ്യുക എന്ന 413-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്. 414-ാം നമ്പർ ഭേദഗതി സ്വീകാര്യമല്ല.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 413-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു. 414-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 13-ാം വകുപ്പ്

ശ്രീ. തോമസ് ഉണ്ണിയാടൻ : 419, 420 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ ): ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതികൾ സഭ നിരാകരിച്ചു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 14-ാം വകുപ്പ്

ശ്രീ. തോമസ് ഉണ്ണിയാടൻ 427-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ ): ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭ നിരാകരിക്കപ്പെട്ടു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 15-ാം വകുപ്പ്

ശ്രീ. തോമസ് ഉണ്ണിയാടൻ: 434, 439, 444, 445, 446, 447, 451 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. വി. ശശികുമാർ : 448-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ ): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 16-ാം വകുപ്പ്

ശ്രീ. സി. എച്ച്.കുഞ്ഞമ്പു : 453-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ബി. ബാബുപ്രസാദ് : 455-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ: 456-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ശ്രീ. ടി. എൻ. പ്രതാപന്റെ ഖണ്ഡം 16-ൽ 3-ാം വകുപ്പ് അല്ലെങ്കിൽ 15-ാം വകുപ്പ് പ്രകാരം ഏതെങ്കിലും ആളിനെ തടങ്കലിൽ വയ്ക്കാൻ എന്നതിനു പകരം ' 3-ാം വകുപ്പ് അനുസരിച്ച് ഏതെങ്കിലും ആളിനെ തടങ്കലിൽ വയ്ക്കാനോ 15-ാം വകുപ്പ് പ്രകാരം ഏതെങ്കിലും ആളിന്റെ സഞ്ചലനം നിയന്ത്രിക്കാനോ' എന്നു ചേർക്കുക എന്ന 452-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു. പ്രസ്തുത വകുപ്പിൽ ' തടവിൽ വയ്ക്കാൻ ' എന്നത് ' തടങ്കലിൽ വയ്ക്കാൻ' എന്നാക്കണമെന്ന വാക്കാൽ ഭേദഗതിയും അവതരിപ്പിക്കുന്നു.

ഔദ്യോഗിക ഭേദഗതിയും വാക്കാൽ ഭേദഗതിയും അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും വാക്കാൽ ഭേദഗതിയും സഭ അംഗീകരിച്ചു. മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണെമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 16-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 17-ാം വകുപ്പ്

ശ്രീ. എൻ. ശക്തൻ : 458-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ : 460-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ ): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

17-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

17-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 18-ാം വകുപ്പ്

ശ്രീ. തോമസ് ഉണ്ണിയാടൻ : 461, 465 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. വി.കെ. ഇബ്രാഹിംകുഞ്ഞ് : 462-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച ഖണ്ഡം 18 (4) -ൽ "ഏതെങ്കിലും ഒരു സർക്കാർ ഉദ്യോഗസ്ഥൻ" എന്നതിനു പകരം "ഒരു പബ്ളിക് സർവന്റ്" എന്നു ചേർക്കുക എന്ന 465-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടിയുടെ ഖണ്ഡം 18 (4)-ൽ "ചെയ്താൽ" എന്നതിനുശേഷം "സാധാരണയുള്ള ശിക്ഷാ നടപടികൾക്കു പുറമെ" എന്നീ വാക്കുകൾ കൂടി ചേർക്കുക എന്ന 466-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മറ്റു ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ.തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 465-ാം നമ്പർ ഭേദഗതിയും മന്ത്രി അവതരിപ്പിച്ച 466-ാം നമ്പർ ഔദ്യോഗിക ഭേദഗതിയും സഭ അംഗീകരിച്ചു. മറ്റു ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 18-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 18-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 19-ാം വകുപ്പ്

ശ്രീ. തോമസ് ഉണ്ണിയാടൻ : 473-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ ): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതി സഭ നിരാകരിച്ചു.

19-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

19-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 20-ാം വകുപ്പ്

ശ്രീ. തോമസ് ഉണ്ണിയാടൻ : 474 -ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ ): ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭ നിരാകരിച്ചു.

20-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

20-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 21 -ാം വകുപ്പ്

ശ്രീ. തോമസ് ഉണ്ണിയാടൻ : 477-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ ): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതി സഭ നിരാകരിച്ചു.

21-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

21-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 22-ാം വകുപ്പ്

ശ്രീ. തോമസ് ഉണ്ണിയാടൻ : 478-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ ): ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭ നിരാകരിച്ചു.

22-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

22-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഒന്നാം വകുപ്പും പീഠികയും പേരും

ശ്രീ. എം. മുരളി: 106-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ ): ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭ നിരാകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): 2007-ലെ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തട യൽ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു. ടി. തോമസ്): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. ബാബു: സംസ്ഥാനത്ത് മാഫിയകളുടെ പ്രവർത്തനങ്ങളും ക്രിമിനൽ കുറ്റങ്ങളും സാമ്പത്തിക കുറ്റങ്ങളും കൂടുതൽ ശക്തിപ്പെട്ടുവരുന്ന സാഹചര്യത്തിലാണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഓർഡിനൻസിലൂടെ ഇങ്ങനെ ഒരു നിയമം കൊണ്ടുവരാൻ തീരുമാനിച്ചത്. കുറച്ചു കാലതാമസം ഉണ്ടായെങ്കിലും ഇപ്പോൾ ഈ നിയമം കൊണ്ടുവന്നത് സ്വാഗതാർഹമാണ്. നിയമം അതിന്റെ യഥാർത്ഥ സ്പിരിറ്റിൽ നടപ്പിലാക്കുകയും ദുരുപയോഗപ്പെ

ടുത്തൽ തടയാനുള്ള മുൻകരുതൽ സ്വീകരിക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സംസ്ഥാനത്ത് മാഫിയകളുടെ പ്രവർത്തനം തടയുന്നതിനുവേണ്ടിയാണ് സ്പെഷ്യൽ ആക്റ്റ് കൊണ്ടുവരണമെന്ന് ഗവൺമെന്റ് തീരുമാനിച്ചത്. ഈ നിയമം ദുരുപയോഗപ്പെടുത്തുന്ന സ്ഥിതിവിശേഷം വന്നാൽ ആക്റ്റ് തന്നെ ഇല്ലാതാകുന്ന സാഹചര്യം ഉണ്ടാകും. സ്വൈരജീവിതത്തിന് ഭീഷണിയുയർത്തുന്ന മാഫിയകളുടെ പ്രവർത്തനം തടയുന്നതിനുള്ള നടപടിയെന്ന നിലയിൽ 60 പേരെ കസ്റ്റഡിയിലെടുത്ത് തടങ്കലിൽ വച്ചിട്ടുണ്ട്. ഈ നിയമം നടപ്പിലാക്കുന്നതിന് പ്രതിപക്ഷം സഹകരിക്കണം. സഭയിൽ നിർദ്ദേശങ്ങൾ നൽകിയ എല്ലാപേർക്കും നന്ദി പറയുന്നു. ഈ നിയമം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

2007-ലെ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ ഐകകണ്ഠ്യേന സഭ പാസ്സാക്കി.

**2) കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ (ദേവസ്വം ബോർഡുകളുടെ കീഴിലുള്ള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ, 2007 അവതരണവും സബ്ജക്റ്റ് കമ്മിറ്റിക്കയയ്ക്കണമെന്ന പ്രമേയവും**

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ (ദേവസ്വം ബോർഡുകളുടെ കീഴിലുള്ള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ, 2007 അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ (ദേവസ്വം ബോർഡുകളുടെ കീഴിലുള്ള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ, 2007 ആഭ്യന്തരകാര്യങ്ങൾ എന്ന X-ാം നമ്പർ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു. ടി. തോമസ്): പ്രമേയത്തെ പിന്താങ്ങുന്നു.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): കഴിഞ്ഞ കുറെ വർഷങ്ങളായി കേരളത്തിൽ നിലവിലുള്ള തിരുവിതാംകൂർ കൊച്ചി ദേവസ്വം ഹിന്ദു റിലീജിയസ് എൻഡോവ്മെന്റ് ആക്റ്റ് സ്വാതന്ത്രത്തിനുശേഷം കേരളപ്പിറവിക്കു മുമ്പ് തിരുവിതാംകൂർ കൊച്ചി രാജവാഴ്ചയുടെ കീഴിലായിരുന്നപ്പോഴും കേന്ദ്ര ഗവൺമെന്റും രാജപ്രമുഖനും തമ്മിൽ ഒപ്പു വച്ച കവനന്റ് പ്രകാരമാണ് അടിസ്ഥാന നിയമം നിലനിന്നിരുന്നത്. ഈ ഗവൺമെന്റ് ദേവസ്വം ഭരണങ്ങളിൽ കൂടുതൽ കാര്യക്ഷമത വരുത്താനും സംശുദ്ധമാക്കാനുമുള്ള ലക്ഷ്യത്തോടുകൂടി ഈ വർഷം ആദ്യം അവതരിപ്പിച്ച നിയമ ഭേദഗതിയിൽ കവനന്റ് ഭേദഗതി ചെയ്യാനുള്ള തീരുമാനം അവതരിപ്പിച്ചിരുന്നില്ല. ചരിത്രത്തിലാദ്യമായി അഡ്മിനിസ്ട്രേറ്റീവ് നിയമനങ്ങൾ പി.എസ്.സി.ക്കു വിടാനുള്ള എനേബിളിംഗ് വ്യവസ്ഥകൾ അതിൽ ഉൾപ്പെടുത്തിയിരുന്നു. ആ വ്യവസ്ഥകൾ നടപ്പിലാക്കണമെങ്കിൽ ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്ന നിയമം ചർച്ച ചെയ്തു പാസ്സാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ റൂളുകൾ ഉണ്ടാക്കുകയും വേണം. എന്നാൽ മാത്രമേ തിരുവിതാംകൂർ കൊച്ചി ദേവസ്വം ബോർഡുകളിലെ നിയമനങ്ങൾ നടത്താൻ പി.എസ്.സി. വഴി കഴി

യുകയുള്ളൂ.  കഴിഞ്ഞ ബോർഡിന്റെ കാലത്ത് ഗുരുതരമായ അഴിമതികൾ കാരണം നിയമനങ്ങൾ നടത്താനാകാത്തവിധം കോടതി വിധിയും ബഹുജന പ്രക്ഷോഭവും നടന്നിരുന്നു.  ഒന്നര വർഷക്കാലമായി അവിടെ നിയമനങ്ങൾ നടക്കുന്നില്ല.  മൗലികമായ തകരാറുകൾ കാരണം റിക്രൂട്ട്മെന്റ് തടയപ്പെട്ടിരിക്കുന്നുവെന്ന് ഹൈക്കോടതി തന്നെ പലതവണ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അർഹതയില്ലാത്തവർ കടന്നുവരികയും അർഹതയുള്ളവരെ ഒഴിവാക്കുകയും ചെയ്യുക, ഭരണഘടനാപരമായ  ബാധ്യത കൂടിയുള്ള സംവരണ തത്വങ്ങൾ നിയമനങ്ങളിൽ പാലിക്കാതിരിക്കുക, നിയമനങ്ങളിൽ കയറിപ്പറ്റുന്നവർ ദേവസ്വം ഫണ്ടുകൾ ചോർത്തിയെടുക്കാൻ താൽപ്പര്യമുള്ള ദേവസ്വം ഭരണാധികാരികകൾക്കു കൂട്ടുനിൽക്കുകയും ജീവനക്കാരിൽത്തന്നെ വലിയൊരു വിഭാഗം ദേവസ്വം ഫണ്ട് ചോർത്തിയെടുക്കുകയും അതിലൂടെ ദേവസ്വം ബോർഡുകളിൽ അഴിമതിയാണെന്ന് ചിന്താകുഴപ്പം ഭക്തജനങ്ങൾക്കിടയിൽ ഉണ്ടാക്കുകയും ചെയ്യുന്ന പ്രവണത ഈ നിയമം നടപ്പാക്കുന്നതോടുകൂടി അവസാനിപ്പിക്കാൻ കഴിയും.  ഗവൺമെന്റിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള മലബാർ ദേവസ്വങ്ങളിൽ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലെ നിയമനങ്ങൾ പി.എസ്.സി. തന്നെയാണ് ഇപ്പോൾ നടത്തിവരുന്നത്.  തിരുവിതാംകൂർ ദേവസ്വം ബോർഡിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർ കടുത്ത അവഗണന നേരിടുകയാണ്.  അനധികൃത മരാമത്ത് പണികൾക്കും ഭക്ഷ്യ സാധനങ്ങൾ വാങ്ങിയതിലും വമ്പിച്ച അഴിമതിയാണ് ദേവസ്വം ബോർഡുകളിൽ നടക്കുന്നത്.  കേരള നിയമസഭ കൊണ്ടുവന്ന ദേവസ്വം നിയമങ്ങളിൽ ഭരണഘടനാലംഘനം നടന്നതായി നാളിതുവരെ കോടതികൾ പറഞ്ഞിട്ടില്ല. കൊച്ചി ദേവസ്വം ബോർഡ് പ്രസിഡന്റിനെതിരെ വിജിലൻസ് അന്വേഷണം നടക്കുകയാണ്. അഴിമതിക്ക് കൂട്ടുനിൽക്കുന്നവരായിരുന്നു മുൻ ദേവസ്വം ബോർഡ്

സെക്രട്ടറിയും ഉദ്യോഗസ്ഥരും. ചരിത്രപ്രാധാന്യമുള്ള ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. പി.എം.എ. സലാം: 2007-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ദേവസ്വം ബോർഡുകളുടെ കീഴിലുള്ള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 29-9-2007 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കപടവിശ്വാസികൾ ക്ഷേത്ര നടത്തിപ്പിൽ കടന്നുകൂടി ജീവനക്കാരുടെ നിയമനങ്ങളിൽ അഴിമതിയും സ്വജനപക്ഷപാതവും നടത്തുന്നതായി ആക്ഷേപമുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡിനെ സംബന്ധിച്ചും ശബരിമല ക്ഷേത്രത്തിൽ മേൽശാന്തിയെ നിയമിക്കുന്നതു സംബന്ധിച്ചും അഴിമതി ആരോപണമുണ്ട്. ദേവസ്വം ബോർഡ് അംഗങ്ങൾ അഴിമതി നടത്തിയാൽ അതിൽ ഫലപ്രദമായി ഇടപെടാൻ ആർക്കും അധികാരമില്ലാത്ത അവസ്ഥയായിരുന്നു. അതിനെതിരായിട്ടാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. ക്ഷേത്രത്തിൽ ആചാരാനുഷ്ഠാനങ്ങളിലും പൂജാദികർമ്മങ്ങളിലും ഇടപെടാതെ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലെ ഉദ്യോഗസ്ഥരുടേയും ജീവനക്കാരുടേയും നിയമനം പി.എസ്.സി.ക്കുവിട്ട് ഈശ്വരവിശ്വാസികളുടെ താല്പര്യങ്ങളും അവകാശങ്ങളും സംരക്ഷിക്കുന്നതിനാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഈ ബില്ലിലൂടെ ശ്രമിക്കുന്നത്. ദേവസ്വം ബോർഡിന്റെ കീഴിൽ നടക്കുന്ന നിയമനങ്ങളിൽ ബാഹ്യശക്തികളുടെ സ്വാധീനംമൂലം യാതൊരു സംവരണതത്വവും പാലിക്കാതെ യോഗ്യതയും കഴിവുമുള്ളവർ പിന്തള്ളി ഹൈന്ദവരിൽനിന്നും നിയമനം നടത്തുന്നത് മാറ്റി പി.എസ്.സി. വഴി നിയമനം നടത്തുകയും നിയമനങ്ങൾക്ക് ന്യായമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും വേണം. കാര്യക്ഷമമായ, അഴിമതി വിമുക്തമായ, ദേവസ്വം

സ്ഥാപനങ്ങളെ വളർത്തിയെടുക്കാനാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. നീതി നടപ്പാക്കരുതെന്ന് ആഗ്രഹിക്കുന്ന നിക്ഷിപ്ത താല്പര്യക്കാരാണ് ഈ ബില്ലിനെ എതിർക്കുന്നത്. മുൻ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കാലാവധി തീരുന്നതിനു തൊട്ടുമുമ്പ് ക്രമവിരുദ്ധമായി 17 ഡ്രൈവർമാരെ നിയമിക്കാൻ തീരുമാനമെടുക്കുകയും 18 മുതൽ 55% വരെ എസ്റ്റിമേറ്റ് തുക വർദ്ധിപ്പിച്ച് 39 മരാമത്ത് വർക്കുകൾ കരാറുകാർക്ക് നൽകുകവഴി കോടിക്കണക്കിന് രൂപയുടെ ക്രമക്കേടുകൾ നടത്തുകയും ചെയ്തത് ഹൈക്കോടതി ഉത്തരവുപ്രകാരം ജസ്റ്റിസ് പരിപൂർണ്ണൻ കമ്മീഷൻ അന്വേഷിച്ചുവരികയാണ്. ഈശ്വരവിശ്വാസികളുടെ സാമൂഹ്യ നീതി ഉറപ്പാക്കുന്നതിനും ജനതാത്പര്യം സംരക്ഷിക്കുന്നതിനുമാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്.

<u>ശ്രീ. വി. ശിവൻകുട്ടി:</u> 2007-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ദേവസ്വം ബോർഡുകളുടെ കീഴിലുള്ള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ദേവസ്വം ബോർഡുകളിൽ നിലനിൽക്കുന്ന അഴിമതിയും സ്വജനപക്ഷപാതവും അവസാനിപ്പിക്കുന്നതിനാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. മുൻ ദേവസ്വം ബോർഡ് പ്രസിഡന്റ് വിജിലൻസ് അന്വേഷണം നേരിട്ടുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ മതസ്ഥാപനങ്ങൾക്കെതിരായി ഉയർന്നുവരുന്ന അഴിമതി ആരോപണങ്ങളെ സംബന്ധിച്ചും ആക്ഷേപങ്ങളെ സംബന്ധിച്ചും ശക്തമായ നടപടി സ്വീകരിക്കുന്നതിന് പലപ്പോഴും ഭരണാധികാരികൾ അറച്ചുനിൽക്കുന്ന സാഹചര്യത്തിലാണ് ഇത്തരം ഒരു ബിൽ ഇവിടെ അവതരിപ്പിക്കുന്നത് എന്നത് ശ്രദ്ധേയമാണ്. തിരുവനന്തപുരം, കൊച്ചി ദേവസ്വം ബോർഡുകളിലെ നിയമനങ്ങൾ സംബന്ധിച്ച് വിമർശനവും വ്യാപ

കമായ അഴിമതി ആരോപണങ്ങളും ഉയർന്നുവന്നിട്ടുണ്ട്. 2007-ലെ ഭേദഗതി നിയമത്തിലെ 29 (എ) അനുസരിച്ചുള്ള ബോർഡിന്റെ കീഴിലുള്ള അഡ്മിനി സ്ട്രേറ്റീവ് ജീവനക്കാരുടെ നിയമനമാണ് പി.എസ്.സി.യെ ഏൽപ്പിക്കണ മെന്ന് ഇതിൽ നിഷ്ക്കർഷിച്ചിരിക്കുന്നത്. നിയമനം പി.എസ്.സി.ക്ക് വിടുന്ന തുവഴി സാമൂഹ്യ നീതി ഉറപ്പാക്കുന്നതിനും സംവരണ തത്വങ്ങൾ പാലിക്കു ന്നതിനും അഴിമതി ഒഴിവാക്കുന്നതിനും കഴിയും. ദേവസ്വം ബോർഡുക ളിലെ അഴിമതി, ദുർഭരണം, വിവിധ തസ്തികകളിലെ നിയമനത്തിൽ നടക്കുന്ന ക്രമക്കേട് എന്നിവ സംബന്ധിച്ച് ഹൈക്കോടതി ഉത്തരവനുസരിച്ച് ജസ്റ്റിസ് പരിപൂർണ്ണൻ കമ്മീഷൻ അന്വേഷണം നടത്തിവരികയാണ്. 2007-ൽ നിയമസഭ പാസ്സാക്കിയ നിയമനത്തെ അംഗീകരിക്കുന്ന നിലപാടാണ് ബഹുമാനപ്പെട്ട സുപ്രീം കോടതിയും സ്വീകരിച്ചിട്ടുള്ളത്. ദേവസ്വം ബോർഡിലെ നിയമനങ്ങളെ സംബന്ധിച്ച് അഴിമതിയാരോപണവും ഫണ്ട് ദുരുപയോഗവും ഉണ്ടാകുന്ന അവസരത്തിൽ ഗവൺമെന്റിന് നോക്കുകുത്തിയായി ഇരിക്കാൻ കഴിയില്ല. സ്വയംഭരണാവകാശത്തെ ഈ ബില്ലിൽ ലംഘിക്കപ്പെട്ടിട്ടില്ല.. സാമൂഹ്യനീതി ഉറപ്പാക്കാൻ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഒരു വനിതാ മെമ്പർ ഉണ്ടായിരിക്കുന്നത് നല്ലതാണ്. സ്ഥാപിത താല്പര്യങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ക്ഷേത്രസമിതികളാണ് ഇന്ന് നിലവിലുള്ളത്. ക്ഷേത്ര ഉപദേശക സമിതികൾ ക്ഷേത്രങ്ങളുടെ വളർച്ചയ്ക്കുവേണ്ടി നടത്തുന്ന ശ്രമങ്ങളെ സ്വാഗതം ചെയ്യണം. രണ്ടുമൂന്ന് മാസത്തിലൊരിക്കൽ ദേവസ്വം ബോർഡിൽ നടക്കുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച റിപ്പോർട്ട് ഗവൺമെന്റിനു നൽകണമെന്ന് പറയുന്നതിലൂടെ ജനാധിപത്യപരമായിട്ടുള്ള ഇടപെടലുകളാണ് ഇവിടെ നടക്കുന്നത്. ജസ്റ്റീസ് പരിപൂർണ്ണൻ കമ്മിഷൻ

റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തിരുവിതാംകൂർ-കൊച്ചി ദേവസ്വം ബോർഡിൽ സമഗ്രമായ ഒരു നിയമനിർമ്മാണം കൊണ്ടു വരുന്നതിനെക്കുറിച്ച് ആലോചിക്കണം. ഏറ്റവും കൂടുതൽ അഴിമതി നടക്കുന്നത് ക്ഷേത്ര ജീവനക്കാരെ നിയമിക്കുന്ന കാര്യത്തിലാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡിലേയും കൊച്ചി ദേവസ്വം ബോർഡിലേയും അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുകളിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും എല്ലാ നിയമനങ്ങളും കേരള പബ്ളിക് സർവ്വീസ് കമ്മിഷനു വിടുന്നതിനെ സ്വാഗതം ചെയ്യുന്നു. സാമൂഹ്യ നീതി ഉറപ്പുവരുത്തുന്നതിനും നിയമനങ്ങളിലെ അഴിമതി അവസാനിപ്പിക്കുന്നതിനും സംവരണ തത്വം പാലിക്കുന്നതിനുംവേണ്ടി കൊണ്ടു വന്നിരിക്കുന്ന ഈ ബില്ലിനെ കേരളീയ സമൂഹം സ്വാഗതം ചെയ്യും.. ഓരോ ക്ഷേത്രങ്ങളുടെയും താല്പര്യമനു സരിച്ചും ആവശ്യമനുസരിച്ചും ഏതെല്ലാം കാറ്റഗറിയിൽ എത്ര ജീവനക്കാരെ വേണമെന്നതിനെ സംബന്ധിച്ച് ഒരു കമ്മിഷനെ നിയോഗിച്ച് പഠനം നടത്തുകയും അന്വേഷണം നടത്തുകയും വേണം. ക്ഷേത്ര ജീവനക്കാരുടെ നിയമനം പി.എസ്.സി.ക്കു വിടുന്നതിനാവശ്യമായ നിയമം കൊണ്ടുവരണം. സ്വകാര്യ ക്ഷേത്രങ്ങൾ ദേവസ്വം ബോർഡ് ഏറ്റെടുക്കുന്നതു സംബന്ധിച്ച് മാനദണ്ഡമുണ്ടാക്കണം. ദേവസ്വം ബോർഡിന്റെ കീഴിലുള്ള സ്കൂളുകളിലേയും കോളേജുകളിലേയും നിയമനങ്ങൾ പി.എസ്.സി.ക്ക് വിടണം. 1985 വരെയുള്ള ദേവസ്വം ബോർഡിലെ റിക്രൂട്ടുമെന്റ് പോളിസിയെക്കുറിച്ച് പരിശോധിക്കണം. ദേവസ്വം ബോർഡിൽ നിയമനങ്ങൾ നടത്തണമെങ്കിൽ പരസ്യപ്പെടുത്തണമെന്നും അപേക്ഷ സ്വീകരിക്കണമെന്നും ഇന്റർവ്യൂവും റാങ്ക്ലിസ്റ്റ് പരസ്യപ്പെടുത്തുമെന്നും നിബന്ധന വന്നത് 1985-ലെ

ഹൈക്കോടതി ഉത്തരവിനുശേഷമാണ് . തിരുവിതാംകൂർ- കൊച്ചി ദേവസ്വം ബോർഡുകളിലെ സബോർഡിനേറ്റ് എസ്റ്റാബ്ലിഷ്മെന്റ് ജീവനക്കാരുടെയും നിയമനങ്ങൾ പി.എസ്.സി..ക്ക് വിടണം.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: ദേവസ്വം ബോർഡിന്റെ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുകളിലെ തസ്തികകളിലേയ്ക്ക് നേരിട്ട് നിയമനം നടത്തുന്നതിനെ സംബന്ധിച്ച് പി.എസ്.സി.യുമായി കൂടിയാലോചിക്കണമെന്നു പറഞ്ഞിട്ടുള്ളതും പബ്ലിക് സർവ്വീസ് കമ്മീഷനും ദേവസ്വം ബോർഡും തമ്മിൽ ഏതെങ്കിലും അഭിപ്രായവ്യത്യാസമുള്ള പക്ഷം ദേവസ്വം ബോർഡ് അക്കാര്യം സർക്കാരിലേയ്ക്ക് റഫർ ചെയ്യേണ്ടതും അതിന്മേലുള്ള സർക്കാരിന്റെ തീരുമാനം അന്തിമമാണെന്നുള്ളതും ഈ ബില്ലിന്റെ ഉദ്ദേശ ലക്ഷ്യങ്ങളെ ചോദ്യം ചെയ്യുന്നതാണ്. ഗവൺമെന്റിനു തീരുമാനിക്കാമെന്നു പറയുമ്പോൾ പി.എസ്.സി.യെ നോക്കുകുത്തിയാക്കി ഗവൺമെന്റിനു യഥേഷ്ടം കാര്യങ്ങൾ നടത്താമെന്നാണ് വ്യക്തമാകുന്നത്. ഹിന്ദുമത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെ മാത്രമേ നിയമനത്തിനു പരിഗണിക്കുകയുള്ളൂവെന്നു പറയുമ്പോൾ ദേവസ്വം ബോർഡിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ടവരും ഹിന്ദുമതവിശ്വാസികളായിരിക്കണമെന്ന് ശഠിക്കേണ്ടതുണ്ട്. അപേക്ഷ ക്ഷണിക്കുമ്പോൾത്തന്നെ ഉദ്യോഗാർത്ഥികൾ തികഞ്ഞ ഹിന്ദുമതവിശ്വാസികളായിരിക്കണമെന്ന നിബന്ധനകൂടി ഉൾപ്പെടുത്തണം. ഭരണഘടന വിഭാവനം ചെയ്യുന്ന രീതിയിൽ മതവിശ്വാസവുമായി ബന്ധപ്പെട്ട മറ്റുള്ളവർക്കു കൂടി റിസർവ്വേഷൻ അനുവദിക്കണം. ദേവസ്വം ബോർഡിലെ നിയമനങ്ങളിൽ പിന്നോക്ക വിഭാഗക്കാരുടെ കുറവ് പരിഹരിക്കാൻ നടപടി സ്വീകരിക്കണം. തിരുവിതാംകൂർ-കൊച്ചി ദേവസ്വം ബോർഡുകൾ പോലെ മലബാറിനും

പ്രത്യേകമായ ഒരു ദേവസ്വം ബോർഡ് ഉണ്ടാക്കാനുള്ള നടപടി സ്വീകരിക്കണം. മലബാറിൽ ആയിരക്കണക്കിന് ക്ഷേത്രങ്ങളുണ്ട്. അതിൽ അധികവും സാമൂതിരി കുടുംബത്തിന്റെ ക്ഷേത്രങ്ങളാണ്. അതിൽത്തന്നെ നല്ല വരുമാനമുള്ള ക്ഷേത്രങ്ങളെ ഏറ്റെടുത്തിട്ടുണ്ട്. ദക്ഷിണേന്ത്യയിൽ ഏറ്റവും അറിയപ്പെടുന്ന കാടാമ്പുഴ ഭഗവതി ക്ഷേത്രത്തിൽ വരുമാനത്തിനനുസരിച്ചുള്ള അടിസ്ഥാന സൗകര്യങ്ങളില്ല. അവിടെ അടിസ്ഥാന സൗകര്യമുണ്ടാക്കാനുള്ള നടപടി സ്വീകരിക്കണം. അതുപോലെ തിരുനാവായ ക്ഷേത്രത്തിൽ വരുന്ന ഭക്ത ജനങ്ങൾ ഒട്ടേറെ പ്രയാസങ്ങൾ അനുഭവിക്കുന്നുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡിലേയും കൊച്ചി ദേവസ്വം ബോർഡിലേയും അഡ്മിനിസ്ട്രേറ്റീവ് രംഗത്തുള്ളവരെ മാത്രമേ പി.എസ്.സി വഴി നിയമിക്കുന്നുള്ളു. നിയമനത്തിന്റെ കാര്യത്തിൽ വളരെ വ്യക്തമായ ഒരു കാഴ്ചപ്പാട് ഗവൺമെന്റിനുണ്ടാകണം

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): മുൻപ് കേരളം ഭരിച്ചിരുന്ന ഗവൺമെന്റുകളൊന്നും ഇത്തരമൊരു നിയമനിർമ്മാണത്തെക്കുറിച്ച് ആലോചിച്ചിട്ടില്ല. 1957-ലെ പ്രഥമ ഗവൺമെന്റിൽ ദേവസ്വം വകുപ്പിന്റെ ചുമതല മുഖ്യമന്ത്രിയായിരുന്ന സഖാവ് ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാടിനായിരുന്നു. ദേവാലയങ്ങളിലുള്ള ശാന്തി, അടിച്ചുതളി തുടങ്ങിയ നിയമനങ്ങൾ പി.എസ്.സി.ക്ക് വിടാൻ ഉദ്ദേശി ക്കുന്നില്ല. അത്തരം നിയമനങ്ങളെ സംബന്ധിച്ച് ദേവസ്വം ബോർഡുമായി ചർച്ച ചെയ്ത് അഴിമതിരഹിതമായ രീതിയിൽ നിയമനം നടത്തുന്നതിനെ സംബന്ധിച്ച് ആലോചിക്കാം. നിയമനങ്ങളെ സംബന്ധിച്ച് പി.എസ്.സി.യും ദേവസ്വം ബോർഡും തമ്മിൽ തർക്കമുണ്ടായാൽ ഗവൺമെന്റ് ഇടപെടും. കേരളത്തിലെ വിശ്വാസി സമൂഹത്തിന് ദോഷമുണ്ടാക്കുന്ന യാതൊന്നും ഈ

ഗവൺമെന്റ് ചെയ്തിട്ടില്ല. ദേവസ്വം ബോർഡിന്റെ അംഗസംഖ്യ 7 മുതൽ 9 വരെയായി വർദ്ധിപ്പിക്കണമെന്നുള്ള അഭിപ്രായം ഈ സഭയിൽത്തന്നെ വന്നിട്ടുള്ളതാണ്; അംഗസംഖ്യ വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ദേവസ്വം ബോർഡിലെ അഴിമതി സംബന്ധിച്ച് ജസ്റ്റിസ് ബാലി ഉൾപ്പെടുന്ന ഡിവിഷൻ ബഞ്ച് വിധി പുറപ്പെടുവിച്ചിട്ടുണ്ട്. തിരുവിതാംകൂർ ദേവസ്വങ്ങളിലെ അസഹനീയമായ അഴിമതിയിൽ മനംനൊന്ത മഹാരാജാവ് ക്ഷേത്രങ്ങളെയെല്ലാം മഹാരാജാവിന്റെ ഭരണത്തിൻകീഴിലാക്കിയ സന്ദർഭവുമുണ്ടായിട്ടുണ്ട്. ഈ ഗവൺമെന്റ് ദേവസ്വം ബോർഡിന്റെ സ്വയംഭരണാവകാശത്തിൽ കൈകടത്തുന്നില്ല. മറിച്ച് ഗവൺമെന്റിന് ഉത്തരവാദിത്വമുള്ള കാര്യങ്ങളെ സംബന്ധിച്ച് നിയമസഭയിൽ ചർച്ച ചെയ്ത് ബോർഡിനെ അഴിമതിരഹിതമാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. അതിനുവേണ്ടിയുള്ള നിയമനിർമ്മാണമാണ് ഇവിടെ നടത്തുന്നത്. 2007 അവസാനിക്കുന്നതിനുമുമ്പുതന്നെ മലബാർ ദേവസ്വം ബോർഡ് രൂപീകരിക്കുന്ന കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. ഇതുസംബന്ധിച്ച് നിയമ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത് നിയമ നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

2007-ലെ കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ (ദേവസ്വം ബോർഡുകളുടെ കീഴിലുള്ള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ ആഭ്യന്തര കാര്യങ്ങൾ എന്ന X-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയച്ചു.

## (3) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ കേരള വനിതാ കമ്മീഷൻ (ഭേദഗതി) ബിൽ

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ) : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ കേരള വനിതാ കമ്മീഷൻ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ.എ.കെ. ബാലൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): ദേശീയ വനിതാ കമ്മീഷനും സംസ്ഥാന വനിതാ കമ്മീഷനുകളും നിലവിൽ വന്നത് സമൂഹത്തിൽ സ്ത്രീകൾക്കുള്ള തുല്യതയ്ക്കുവേണ്ടി മഹിളാ പ്രസ്ഥാനങ്ങൾ നടത്തിയ നീണ്ടകാല പോരാട്ടങ്ങളുടെ ഫലമായിട്ടാണ്. ഇൻഡ്യയിലെ സ്ത്രീകൾ നേരിടുന്ന ദുരിതപൂർണ്ണമായ സാഹചര്യങ്ങൾ നിരവധിയാണ്. സ്ത്രീധനംമൂലമുള്ള പീഡനങ്ങളും ആത്മഹത്യകളും കൊലപാതകങ്ങളും ഇൻഡ്യയിൽ പെരുകുകയാണ്. ദേശീയതലത്തിലും സംസ്ഥാനതലത്തിലും വനിതാ കമ്മീഷനുകൾ നിലവിൽ വന്നുവെങ്കിലും ആ സംവിധാനം ഉദ്ദേശിച്ച രീതിയിൽ ഫലപ്രാപ്തിയിൽ എത്തിയില്ല. മുൻകാല കേരള വനിതാ കമ്മീഷനുകൾക്ക് നല്ല രീതിയിൽ പ്രവർത്തിക്കുന്നതിന് ആവശ്യമായ സാഹചര്യം അന്നത്തെ ഗവൺമെന്റുകൾ ഒരുക്കിക്കൊടുത്തില്ല. ഇത് കണക്കിലെടുത്തുകൊണ്ട് സ്ത്രീകളുടെ പദവി ഉയർത്തുന്നതിനും അവർക്കെതിരെയുള്ള അതിക്രമം തടയുന്നതിനും അവയിൻമേൽ അന്വേഷണം നടത്തി സർക്കാരിന് ശുപാർശ സമർപ്പിക്കുന്നതിനും ഫലപ്രദമായി പ്രവർത്തിക്കുന്ന ഒരു കമ്മീഷൻ വേണമെന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് നിലവി

ലുള്ള വനിതാ കമ്മീഷൻ അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട ഭേദഗതി അവതരിപ്പിക്കുന്നത്. വനിതാ കമ്മീഷന്റെ പ്രവർത്തനം ഫലപ്രദമാക്കുക എന്ന ഉദ്ദേശലക്ഷ്യത്തോടെ കൊണ്ടുവന്ന ഭേദഗതിയുൾക്കൊള്ളുന്ന ഈ ബിൽ പാസ്സാക്കിയെടുക്കുന്നതിന് ഭരണ-പ്രതിപക്ഷ ഭേദമെന്യേ എല്ലാവരിൽ നിന്നുമുള്ള സഹകരണം പ്രതീക്ഷിക്കുന്നു.

<u>ശ്രീ. എ.പി. അനിൽകുമാർ</u>: ബില്ലിന്മേലുള്ള വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഒരു പുതിയ ബിൽ അവതരിപ്പിക്കുന്ന രീതിയിലാണ് മന്ത്രി ഈ ഭേദഗതി ബിൽ അവതരിപ്പിച്ചിട്ടുള്ളത്. വനിതാ കമ്മീഷനിൽ പരാതികൾ കെട്ടിക്കിടക്കുന്നുവെന്നും അംഗങ്ങളുടെ കുറവാണ് ഇതിന് പ്രധാന കാരണമെന്നും അതുകൊണ്ട് അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കണമെന്നുമാണ് പറയുന്നത്. ഡയറക്ടർക്ക് പുറമേ മെമ്പർ സെക്രട്ടറിയെക്കൂടി നിയമിക്കുന്നതാണ് പ്രധാനപ്പെട്ട മറ്റൊരു ഭേദഗതി. അംഗങ്ങളുടെ എണ്ണം ആറായി വർദ്ധിപ്പിക്കുന്നതുകൊണ്ട് സ്ത്രീകൾ ഇന്നനുഭവിക്കുന്ന പ്രശ്നങ്ങളും പ്രയാസങ്ങളും ഇല്ലാതാവുകയില്ല. അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിലൂടെ കമ്മീഷൻ കൂടുതൽ രാഷ്ട്രീയവൽക്കരിക്കാൻ ഇടയാവുകയാണ് ചെയ്യുക. കമ്മീഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയാണ് വേണ്ടത്. അതിനാവശ്യമായ സാമ്പത്തിക സഹായം നൽകണം. കമ്മീഷന്റെ ഉദ്ദേശലക്ഷ്യങ്ങൾ നടപ്പാക്കണമെങ്കിൽ അതിനെ രാഷ്ട്രീയവൽക്കരിക്കരുത്. അടിസ്ഥാനപരമായ പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതോടൊപ്പം കമ്മീഷനെ രാഷ്ട്രീയത്തിനതീതമായി പ്രവർത്തിക്കാൻ അനുവദിക്കുകയും വേണം. ഇൻഡ്യയിൽ, പ്രത്യേകിച്ചും

കേരളത്തിൽ, പലമേഖലകളിലും സ്ത്രീകൾ കടന്നുവന്നിട്ടുണ്ടെന്നുള്ളത് ഒരു യാഥാർത്ഥ്യമാണെങ്കിലും ഇന്നും സമൂഹത്തിൽ സ്ത്രീ-പുരുഷ സമത്വം ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ലെന്ന വസ്തുത വിസ്മരിക്കരുത്. സ്ത്രീകൾക്ക് നേരെയുള്ള കുറ്റകൃത്യങ്ങളും, പീഡനങ്ങളും, ദുരിതങ്ങളും അക്രമവും ഓരോ വർഷവും കൂടിക്കൂടി വരികയാണ്. ഇത് തടയണമെങ്കിൽ വനിതാ കമ്മീഷനെ ശക്തിപ്പെടുത്തണം. അതിനാവശ്യമായ ജീവനക്കാരെ നിയമിക്കണം. കമ്മിഷന്റെ കീഴിലുള്ള കൗൺസിൽ വിംഗിന്റെയും ലീഗൽ സെല്ലിന്റെയും പ്രവർത്തനം ശക്തിപ്പെടുത്തണം. കഴിഞ്ഞ സർക്കാരിന്റെ കാലത്തുണ്ടായിരുന്ന വനിതാ കമ്മീഷന്റെ പ്രവർത്തനം വളരെ മെച്ചപ്പെട്ടതായിരുന്നു. പിരിഞ്ഞുപോയ പല കുടുംബബന്ധങ്ങളെയും കൂട്ടി യോജിപ്പിക്കാൻ അന്നത്തെ കമ്മീഷന് കഴിഞ്ഞിരുന്നു. വനിതാ കമ്മീഷന്റെ വിലപ്പെട്ട ഉത്തരവാദിത്വങ്ങൾ വിപുലപ്പെടുത്തണമെങ്കിൽ സാമ്പത്തിക സഹായം നൽകണം. കമ്മീഷന്റെ കീഴിലുള്ള ബോധവൽക്കരണം ഉൾപ്പെടെ ജാഗ്രതാ സമിതികളുടെ പ്രവർത്തനം മെച്ചപ്പെടുത്തണം. രാഷ്ട്രീയത്തിനതീതമായ കാഴ്ചപ്പാടുള്ളവരെ അംഗങ്ങളായി കൊണ്ടുവരാനുള്ള സമീപനമാണ് വേണ്ടത്. സമൂഹത്തിൽ കഷ്ടപ്പെടുന്ന സ്ത്രീകളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാനും അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാനും കഴിയത്തക്ക രീതിയിൽ വനിതാ കമ്മീഷനെ ശക്തിപ്പെടുത്താനാവശ്യമായ നടപടികൾ സ്വീകരിക്കണം.

ശ്രീ. എം. മുരളി : ഈ ബില്ലിന്മേലുള്ള വിയോജിപ്പ് രേഖപ്പെടുത്തുന്നു. യു.ഡി.എഫ്. ഗവൺമെന്റ് നിയമിച്ച വനിതാ കമ്മീഷന് പകരക്കാരെ നിയമിക്കാനും അംഗസംഖ്യ വർദ്ധിപ്പിക്കാനും കൊണ്ടുവന്ന ഓർഡിനൻസ് നിയമമാക്കുന്നതിനുള്ള ബില്ലാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. വനിതാ

കമ്മീഷനിലെ അംഗസംഖ്യ കൂട്ടുകയും കുറയ്ക്കുകയും ചെയ്യുന്നതും കമ്മീഷൻ അംഗങ്ങളെ രാഷ്ട്രീയ താൽപ്പര്യങ്ങൾ വച്ചുകൊണ്ട് നിയമിക്കുന്നതും അവസാനിപ്പിക്കാനുള്ള ഒരു ജനറൽ കൺസെൻസസാണ് ഭരണ-പ്രതിപക്ഷത്തുനിന്നും ഉണ്ടാകേണ്ടത്. കേരളത്തിലെ ജനസംഖ്യയിൽ അമ്പത്തിയഞ്ച് ശതമാനത്തോളം വരുന്ന സ്ത്രീകൾ അനുഭവിക്കുന്ന പ്രയാസങ്ങൾക്കും പ്രശ്നങ്ങൾക്കും ഈ ഗവൺമെന്റ് അധികാരത്തിൽവന്ന് 15 മാസം കഴിഞ്ഞിട്ടും യാതൊരു മാറ്റവും വന്നിട്ടില്ല. സ്ത്രീകൾ അനുഭവിക്കുന്ന പീഡനങ്ങൾക്കും അരക്ഷിതാവസ്ഥയ്ക്കും തിരിച്ചറിവുണ്ടാക്കാനും സ്ത്രീകൾക്ക് നീതി ലഭ്യമാക്കാനുമുള്ള കമ്മീഷനാക്കി ഇതിനെ മാറ്റിയെടുക്കണം. ഗവൺമെന്റ് മാറുന്നതിനനുസരിച്ച് കമ്മീഷൻ അംഗങ്ങളെ മാറ്റാതെ ഇത് ഒരു തുടർ സംവിധാനമാക്കി രൂപപ്പെടുത്തണം. കമ്മീഷനിലെ അംഗസംഖ്യ വർദ്ധിപ്പിച്ചാലും പതിനാല് ജില്ലകളിലും പീരിയോഡിക്കൽ സിറ്റിംഗ് നടത്തി പരാതികൾക്ക് പരിഹാരമുണ്ടാക്കാൻ കഴിയില്ല എന്നാണ് കഴിഞ്ഞ 12 വർഷത്തെ പ്രവർത്തനം സൂചിപ്പിക്കുന്നത്. കമ്മീഷന് സിവിൽ കോടതിയുടെ അധികാരം കൊടുത്തിട്ടുണ്ടെങ്കിലും സമൻസ് അയച്ചാൽ കമ്മീഷൻ മുമ്പാകെ ഹാജരാകാത്തവരെ വരുത്തുന്നതിനുള്ള സംവിധാനം ഉണ്ടാകാതെ വനിതാ കമ്മീഷൻ ശാക്തീകരിക്കപ്പെടില്ല. വനിതാ കമ്മീഷനിലൂടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിഞ്ഞിട്ടില്ലെന്നാണ് കമ്മീഷൻ മുമ്പാകെ വന്ന 90 ശതമാനം അപേക്ഷകരുടെയും അഭിപ്രായം. ആവശ്യമായി വന്നാൽ കമ്മീഷൻ അംഗങ്ങളെ വർദ്ധിപ്പിക്കുന്നതിൽ തെറ്റില്ല. സാമ്പത്തികമായ സഹായവും അന്വേഷണം മുന്നോട്ടുകൊണ്ടുപോകാനാവശ്യമായ സ്റ്റാഫും കമ്മീഷന് നൽകാൻ വ്യവസ്ഥയുണ്ടാകണം. മൂലനിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തി അന്വേഷണ സംവിധാനം

ശക്തിപ്പെടുത്തണം. സിവിൽ കോടതിയുടെ അധികാരം കമ്മീഷന് കൊടുത്തിട്ടുണ്ടെങ്കിലും ശിക്ഷ നടപ്പിലാക്കുന്നതുൾപ്പെടെയുള്ള അധികാരങ്ങൾ നൽകിക്കൊണ്ട്. ഭേദഗതി പരിഷ്ക്കരിക്കണം. വനിതാ കമ്മീഷന്റെ നിഗമനത്തിന്റെ അടിസ്ഥാനത്തിൽ നടപടി എടുക്കാനുള്ള ഇച്ഛാശക്തി ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകൾ കാണിക്കുന്നില്ല. കമ്മീഷന് പരാതി കിട്ടിക്കഴിഞ്ഞാൽ നിശ്ചിത സമയത്തിനുള്ളിൽ തീർപ്പ് കൽപ്പിക്കാൻ സമയപരിധിയും തുടർ നടപടി സ്വീകരിക്കാനുള്ള വ്യവസ്ഥയും ഉണ്ടാകണം.

**<u>ശ്രീ. എം. ഉമ്മർ</u>**: വർഷങ്ങൾക്ക് മുമ്പ് നിലവിൽ വന്ന നിയമത്തിൽ കാര്യമായ ഭേദഗതി വ്യവസ്ഥകളൊന്നും ഉൾപ്പെടുത്താതെയാണ് വനിതാ കമ്മീഷൻ (ഭേദഗതി) ബിൽ അവതരിപ്പിച്ചിരിക്കുന്നത്. ഈ ബില്ലിൽ സമൂലമായ മാറ്റം ഉണ്ടാകുമെന്ന പ്രതീക്ഷ അസ്ഥാനത്തായിരിക്കുന്നു. ലെജിസ്ലേച്ചറിന്റെ ഇന്റൻഷൻ നടപ്പിലാക്കുന്നത് സംബന്ധിച്ച് യാതൊരു പരിശോധനയും ഉണ്ടായിട്ടില്ല. വനിതാ കമ്മീഷന്റെ കഴിഞ്ഞകാല പ്രവർത്തനറിപ്പോർട്ടുകൾ പരിശോധിച്ച് അതിന്റെ അടിസ്ഥാനത്തിൽ ഒരു ഭേദഗതി കൊണ്ടുവരാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല. കമ്മീഷന്റെ അംഗസംഖ്യ വർദ്ധിപ്പിക്കുന്നതിന് മാത്രമായി ഒരു ഭേദഗതി കൊണ്ടുവന്നത് ശരിയായില്ല. കൂടുതൽ അധികാരം നൽകി ജനങ്ങൾക്ക് പ്രയോജനം നൽകത്തക്കവിധത്തിലുള്ള വ്യവസ്ഥകൾ ഈ ബില്ലിൽ കൊണ്ടുവരണം. എടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കാനുള്ള അധികാരം വനിതാ കമ്മീഷന് ഉണ്ടാകണം. തർക്കങ്ങൾ പരിഹരിച്ചശേഷം ഇന്ററിം റിലീഫ് കൊടുക്കാനുള്ള അധികാരം നൽകണം. കമ്മീഷൻ എടുക്കുന്ന തീരുമാനങ്ങളിന്മേൽ അപ്പീൽ കൊടുക്കാനുള്ള അവസരം ഉണ്ടാകണം. വനിതാ കമ്മീഷൻ ചെയർപേഴ്സന് യോഗ്യതയും പ്രായപരിധിയും നിശ്ചയിക്കാനുള്ള വ്യവസ്ഥ ഉൾപ്പെടുത്തണം. കമ്മീഷന്

സിറ്റിംഗ് നടത്താനുള്ള സൗകര്യം ലഭ്യമാകത്തക്കവിധം എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും കമ്മീഷന്റെ ഓഫീസ് തുടങ്ങണം. കമ്മീഷന്റെ സുഗമമായ പ്രവർത്തനത്തിന് ഉതകുംവിധം ഡെപ്യൂട്ടേഷൻ വ്യവസ്ഥ ഒഴിവാക്കി സ്ഥിരം ജീവനക്കാരെ നിയമിക്കാൻ വ്യവസ്ഥയുണ്ടാകണം. കമ്മീഷനെ സഹായിക്കുന്നതിന് നിലവിലുള്ള പോലീസ് സംവിധാനത്തിന്റെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കാൻ എസ്.പി., ഡിവൈ.എസ്.പി റാങ്കിലുള്ള പോലീസ് ഉദ്യോഗസ്ഥരെക്കൂടി നിയമിക്കണം. കേസ്സിൽ പ്രതിയായ വ്യക്തിയെ വനിതാ വികസന കോർപ്പറേഷന്റെ എം.ഡി.യായി നിയോഗിച്ചതിനെക്കുറിച്ച് പരിശോധിക്കണം. മൂലനിയമത്തിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തി വനിതാ കമ്മീഷന്റെ പ്രവർത്തനം മെച്ചപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണം.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u> : മാനസികവും ശാരീരികവുമായ പീഡനം അനുഭവിക്കുന്നവരാണ് സ്ത്രീകൾ. തൊഴിൽ സ്ഥലത്തും പൊതു സ്ഥലങ്ങളിലും സ്ത്രീകൾ സുരക്ഷിതരല്ല. കഴിഞ്ഞ ഒരു വർഷം സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ 10116 പീഡനങ്ങൾ നടന്നു. മൂലനിയമത്തിൽ സമഗ്രമായ മാറ്റം വരുത്തിക്കൊണ്ടുള്ള നിയമമാണ് ആവശ്യം. വനിതാ കമ്മീഷന്റെ അധികാരം വർദ്ധിപ്പിക്കണം. സൈബർ ക്രൈം സംബന്ധിച്ച് ധാരാളം കേസ്സുകൾ വരുന്ന സാഹചര്യം കണക്കിലെടുത്ത് ഇത്തരം കേസ്സുകൾ കൈകാര്യം ചെയ്യുന്നതിനുള്ള അധികാരം കൂടി വനിതാ കമ്മീഷന് കൊടുക്കണം. വനിതാ കമ്മീഷന് ജില്ലാതലത്തിൽ ഓഫീസും മറ്റ് സംവിധാനങ്ങളും വേണം. വനിതാ കമ്മിഷനു കീഴിൽ ശക്തമായ പോലീസ് സംവിധാനം വേണം. സമൻസ്

അയച്ചിട്ട് വരാത്തവരെ വരുത്തുന്നതിനുള്ള അധികാരം കമ്മീഷന് കൊടുക്കണം.

ശ്രീ. റോഷി അഗസ്റ്റിൻ: വളരെ പ്രസക്തമായ ഭേദഗതി നിയമമാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഈ ബില്ലിൽ പ്രത്യേകമായി എടുത്തുപറഞ്ഞിട്ടുള്ളത് അംഗബലം വർദ്ധിപ്പിക്കുകയും അതോടൊപ്പം സെക്രട്ടറിയെ മെമ്പർ സെക്രട്ടറിയായി മാറ്റുകയും ചെയ്യുന്നതാണ്. വനിതാ കമ്മീഷനിൽ നിലനിൽക്കുന്ന ബാലാരിഷ്ടത മാറ്റുന്നതിന് കൂട്ടായ ഉത്തരവാദിത്വവും മൂലനിയമത്തിൽ ഫലപ്രദമായ മാറ്റവും ആവശ്യമാണ്. സ്ത്രികൾ നേരിടുന്ന പ്രയാസങ്ങൾ പരിഹരിച്ച് അവർക്ക് നിയമപരിരക്ഷ നൽകണം. 1991-ൽ കേരള നിയമസഭ ഈ ബിൽ കൊണ്ടുവന്നുവെങ്കിലും കൺകറന്റ് ലിസ്റ്റിലായതിനാൽ പ്രസിഡന്റിന്റെ അംഗീകാരം ലഭിച്ചിരുന്നില്ല. പ്രസിഡന്റിന്റെ മുൻകൂട്ടിയുള്ള അംഗീകാരമില്ലെങ്കിൽ നിയമം അസാധുവാണ്. കൂടുതൽ അംഗങ്ങൾ വന്നതുകൊണ്ടുമാത്രം കമ്മീഷൻ സ്ട്രെങ്തെൻ ചെയ്യാൻ കഴിയുകയില്ല. നിയമത്തിൽ ഡയറക്ടർക്ക് പ്രത്യേക അധികാരം നൽകിയിട്ടുണ്ട്. സെക്രട്ടറി, മെമ്പർ സെക്രട്ടറിയാകുന്നു. ഉദ്യോഗസ്ഥർക്ക് കൂടുതൽ അധികാരം നൽകിയതുകൊണ്ട് കമ്മീഷന്റെ അധികാരത്തിൽ വർദ്ധനവുണ്ടാകുന്നില്ല. കമ്മീഷന്റെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന ജോലി മാത്രമേ ഡയറക്ടർക്കും സെക്രട്ടറിക്കും നൽകാവൂ. മൂലനിയമത്തിൽ കമ്മീഷന് സിവിൽ കോടതിയുടെ അധികാരമുണ്ടെങ്കിലും അതനുസരിച്ചുള്ള യാതൊരു നടപടിയും സ്വീകരിക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. നിഷ്പക്ഷവും നീതിപൂർവമുമായ പ്രവർത്തനം നടത്തണം. കമ്മീഷന്റെ പ്രവർത്തനത്തിന് അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കണം. ജില്ലാതല മോണിറ്ററിംഗ്

സംവിധാനവും ഉണ്ടാകണം. കമ്മീഷന്റെ പ്രവർത്തനങ്ങൾക്ക് ശക്തമായ പോലീസ് സംവിധാനം വേണം. മൂലനിയമത്തിൽ ആവശ്യമായ മാറ്റം വരുത്തി ശക്തമായ നിയമമാക്കി മാറ്റണം.

ശ്രീ. വി. എൻ. വാസവൻ : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ കേരള വനിതാ കമ്മീഷൻ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. വനിതാ കമ്മിഷന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനും ഇടപെടലിനും സഹായകരമായ ബില്ലാണിത്.. ഇതിൽ അംഗങ്ങളിലൊരാൾ എസ്.സി. എസ്.ടി. വിഭാഗത്തിൽപ്പെട്ടതായിരിക്കണമെന്നുള്ളത് അഭിമാനകരമാണ്. മറ്റൊരംഗം മൈനോറിറ്റി കമ്മ്യൂണിറ്റിയിൽപ്പെട്ട ആൾ ആയിരിക്കണമെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്. നിക്ഷ്പക്ഷവും ജുഡീഷ്യൽ സ്വഭാവമുള്ളതുമായ കമ്മീഷൻ തന്നെയാണ് നിലവിലുള്ളത്. കിളിരൂർ കേസ്സിലെ യഥാർത്ഥ പ്രതിയെ രക്ഷപ്പെടുത്താൻ വേണ്ടി വി.ഐ.പി. പ്രയോഗം നടത്തി ശ്രീമതി പി.കെ. ശ്രീമതി ടീച്ചറെ തേജോവധം ചെയ്യുന്ന മഹിളാ കോൺഗ്രസ് നേതാക്കളുടെ പേരിൽ കേസ് എടുക്കേണ്ടതാണ്. അന്നത്തെ യു.ഡി.എഫ്. ഗവണ്മെന്റ് ഈ കേസ് അന്വേഷണത്തിൽ ഗുരുതരമായ വീഴ്ചയാണ് വരുത്തിയത്. വനിതാ കമ്മീഷനു മുമ്പാകെ കുട്ടി രേഖപ്പെടുത്തിയ മൊഴി ആഭ്യന്തരവകുപ്പിലേയ്ക്ക് അയച്ചിട്ട് അന്ന് പരാതി എടുക്കാത്ത യു.ഡി.എഫ്. അതെല്ലാം മറച്ചുവച്ചുകൊണ്ടാണ് പ്രസ്തുത കേസ്സുമായി രംഗത്തുവന്നിരിക്കുന്നത്. അന്നത്തെ വനിതാ കമ്മീഷനിലെ അംഗങ്ങൾ രാഷ്ട്രീയമായി കാര്യങ്ങൾ കൈകാര്യം ചെയ്തതിന്റെ ഫലമായുണ്ടായ ദുരന്തത്തെക്കുറിച്ചാണ് സൂചിപ്പിക്കുന്നത്. പീഡനത്തിനിരയായ കുട്ടിയുടെ മൊഴിയിലോ അച്ഛനമ്മമാരുടെ മൊഴിയിലോ

ഭരണകക്ഷിയിൽപ്പെട്ട ഒരാളുടെ പേരും ഇല്ല എന്നുള്ളതാണ് സത്യം. ഈ കേസ് സംബന്ധിച്ച കാര്യങ്ങൾ മുഖ്യമന്ത്രി വ്യക്തമായി പറഞ്ഞിട്ടും പ്രതിപക്ഷം ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രിയെ മാനസികമായി പീഡിപ്പിക്കുകയാണ് ചെയ്യുന്നത്.

ശ്രീമതി ജെ. അരുന്ധതി: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2007-ലെ കേരള വനിതാ കമ്മീഷൻ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. പ്രൊഫ. സുഗതകുമാരി ചെയർപേഴ്സണായി പ്രവർത്തനം ആരംഭിച്ച ആദ്യത്തെ വനിതാകമ്മീഷൻ ദേശീയ വനിതാ കമ്മീഷനേക്കാൾ നല്ല പ്രവർത്തനമാണ് കാഴ്ചവച്ചത്. എന്നാൽ കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ ചെയർപേഴ്സൺ സ്ഥാനത്തേയ്ക്ക് അന്നത്തെ ഭരണകക്ഷിയിലെ ഒരു പ്രമുഖ വനിതാ നേതാവിനെ നിയമിക്കുകയും അംഗങ്ങളുടെ എണ്ണം മൂന്നായി വെട്ടിച്ചുരുക്കുകയും ചെയ്തപ്പോൾ കമ്മീഷന്റെ പ്രവർത്തനം നിശ്ചലമായി. അതുകൊണ്ട് കമ്മീഷന്റെ അംഗസംഖ്യ വർദ്ധിപ്പിക്കാനാവശ്യമായ ഭേദഗതിയാണ് കൊണ്ടുവന്നിരിക്കുന്നത്. അംഗസംഖ്യ വർദ്ധിപ്പിക്കുന്നതിലൂടെ കമ്മീഷന്റെ പ്രവർത്തനം വിപുലീകരിക്കാനും എസ്റ്റാബ്ലിഷ്മെന്റ്, അക്കൗണ്ട്സ് എന്നിവ മാത്രമല്ല, പരാതികൾ പരിഗണിക്കുന്നതിൽ സുതാര്യത ഉറപ്പുവരുത്താനും കഴിയും. പട്ടികജാതിയിൽപ്പെട്ട ഒരു വനിതയെ ഈ കമ്മീഷനിൽ അംഗമായി ചേർത്തതിനേയും സ്ത്രീപീഡന കേസുകൾ ഒഴിവാക്കുന്നതിനാവശ്യമായ ജാഗ്രതാ സമിതികൾ രൂപീകരിക്കുന്നതിനേയും സ്വാഗതം ചെയ്യുന്നു. അംഗസംഖ്യ വിപുലീകരിക്കുന്നതോടുകൂടി 14 ജില്ലകളിലും കമ്മീഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ കഴിയും. എം.എൽ.എ. മാരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ജില്ലാതല

സമിതികളുടെ രൂപീകരണം കമ്മീഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സഹായിക്കും.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): കേരള വനിതാ കമ്മീഷൻ നിയമ ഭേദഗതിയുമായി ബന്ധപ്പെട്ട് ഒട്ടേറെ നല്ല നിർദ്ദേശങ്ങൾ ഇരുപക്ഷത്തുനിന്നും വന്നതിനെ സ്വാഗതം ചെയ്യുന്നു. കമ്മീഷൻ ശക്തിപ്പെടുത്തുന്നതിന് മൂലനിയമത്തിൽ ഭാവിയിൽ ഈ നിർദ്ദേശങ്ങൾ എങ്ങനെ കൊണ്ടുവരാൻ സാധിക്കുമെന്നുള്ളത് പരിശോധിക്കുന്നതാണ്. ശ്രീമതി എം. കമലം ചെയർപേഴ്സൺ ആയ വനിതാ കമ്മീഷന്റെ അവസാന നാളുകളിൽ തീർത്തും നിർജ്ജീവമായിരുന്ന പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി മെമ്പർ സെക്രട്ടറി ഉൾപ്പെടെ 6 അംഗ കമ്മീഷനായി ഉയർത്താൻ തീരുമാനിച്ചു. 1995-ൽ നിയമം പാസ്സാക്കിയെങ്കിലും 14-6-1996-ൽ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ് പ്രൊഫ. സുഗതകുമാരി ചെയർപേഴ്സണായി ആദ്യത്തെ വനിതാ കമ്മീഷൻ നിലവിൽ വന്നത്. അതിനുശേഷം എൽ.ഡി.എഫ്. ഗവൺമെന്റ് ജസ്റ്റീസ് ശ്രീദേവിയെ വനിതാ കമ്മീഷൻ ചെയർപേഴ്സണായി നിയമിച്ചുവെങ്കിലും അതിന്റെ കാലാവധി തീരുന്നതിനുമുമ്പുതന്നെ യു.ഡി.എഫ്. ഗവൺമെന്റ് ശ്രീമതി എം. കമലത്തെ ചെയർപേഴ്സണായി നിയമിക്കുകയും അംഗസംഖ്യ മൂന്നായി ചുരുക്കുകയും ചെയ്തതോടുകൂടി കമ്മീഷന്റെ പ്രവർത്തനം മന്ദഗതിയിലായി. കഴിഞ്ഞ മാർച്ചിനുശേഷം നിലവിൽ വന്ന വനിതാ കമ്മീഷന്റെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കുന്നതിനുവേണ്ടി എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട വനിതാ അംഗത്തെക്കൂടി ഉൾപ്പെടുത്തുന്നതിനും ചെയർപേഴ്സണും അംഗങ്ങൾക്കും പുതിയ വാഹനം, സൗകര്യപ്രദമായ ഓഫീസ് കെട്ടിടം എന്നിവ നൽകുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജാഗ്രതാ

സമിതികൾ രൂപീകരിക്കുന്നതു സംബന്ധിച്ച് 23-6-2007-ന് സാമൂഹ്യക്ഷേമ വകുപ്പിൽനിന്നും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. രണ്ടുമാസത്തിനുള്ളിൽ സമിതികൾ നിലവിൽ വരും. ജാഗ്രതാ സമിതികളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് ഒരു ചെറിയ തുക വകയിരുത്തുന്നതാണ്. പഞ്ചായത്ത്/മുനിസിപ്പൽ/കോർപ്പറേഷൻ തലത്തിലും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും സമിതികൾ പ്രവർത്തിക്കണമെന്നാണ് തീരുമാനിച്ചിട്ടു ള്ളത്. വനിതാ കമ്മീഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഗാർഹിക പീഡനം കൈകാര്യം ചെയ്യുന്നതിന് ബ്ലോക്ക് തലത്തിൽ ഒരു പ്രൊട്ടക്ഷൻ ഓഫീസറെ, കഴിയുന്നതും സ്ത്രീകളെ, നിശ്ചയിക്കുന്നതിനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞ അഭിപ്രായങ്ങളെല്ലാം മുഖവിലയ്ക്കെടുക്കുന്നു. വനിതാ കമ്മിഷനെ ശക്തിപ്പെടുത്തിക്കൊണ്ട് വനിതകൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ശ്രമിക്കാം.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ കേരള വനിതാ കമ്മീഷൻ (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

## 2-ാം വകുപ്പ്

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 3-ാം വകുപ്പ്

ശ്രീ. കെ. ബാബു 112, 118 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ.ശ്രീമതി ടീച്ചർ): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ സഭ നിരാകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 4-ാം വകുപ്പ്

ശ്രീ. സി.പി. മുഹമ്മദ്: 127-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ.ശ്രീമതി ടീച്ചർ): ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭ നിരാകരിച്ചു

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 5-ാം വകുപ്പ്

ശ്രീ.എം. പ്രകാശൻ മാസ്റ്റർ: 128-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ.ശ്രീമതി ടീച്ചർ): ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി. .

**6-ാം വകുപ്പ്**

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**7-ാം വകുപ്പ്**

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ.ശ്രീമതി ടീച്ചർ): ശ്രീ. കെ.സി വേണുഗോപാലിന്റെ 129-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

" In Section 12(1) of the principal Act proposed to be amended by clause 7 (i) insert the words "exercising" in between the words " besides" and "the functions."

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**8 മുതൽ 12 വരെയുള്ള വകുപ്പുകൾ**

8 മുതൽ 12 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

8 മുതൽ 12 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി

## 1-ാം വകുപ്പും പീഠികയും പേരും

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ.ശ്രീമതി ടീച്ചർ): 2007-ലെ കേരള വനിതാ കമ്മീഷൻ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2007-ലെ കേരള വനിതാ കമ്മീഷൻ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

## 2007-ലെ മൽസ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ബിൽ സംബന്ധിച്ച സെലക്ട് കമ്മിറ്റി

നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ച 2007-ലെ മൽസ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ബില്ലിന്റെ സെലക്ട് കമ്മിറ്റിയിൽ പ്രൊഫ. കെ.വി. തോമസ്, ശ്രീ. കെ.വി. കുഞ്ഞിരാമൻ എന്നീ രണ്ട് അംഗങ്ങളെക്കൂടി ഉൾപ്പെടുത്തണമെന്ന നിർദ്ദേശിക്കുന്നു..

നിർദ്ദേശം സഭ അംഗീകരിച്ചു.

സഭ വൈകുന്നേരം 6.05-ന് പിരിഞ്ഞു.

*****************